**ഹരിതകേരളം മിഷൻ**

'ഹരിതം', ടി.സി 2/3271(3)(4), കുട്ടനാട് ലെയിൻ,

പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695004

ഫോൺ-0471 2449939




# ഹരിതോത്സവം

## കൈപ്പുസ്തകം





# ഹരിതോത്സവം

## കൈപ്പുസ്തകം

**2018**

**ഹരിതകേരളം മിഷൻ**

**'ഹരിതം', റ്റി.സി 2/3271(3)(4), കുട്ടനാട് ലെയിൻ,**

**പട്ടം പാലസ് പി.ഒ, തിരുവനന്തപുരം- 695004**

കേരളസർക്കാർ



**തയാറാക്കിയത്**
ഹരിതകേരളം മിഷൻ

**വെബ്സൈറ്റ്**
www.haritham.kerala.gov.in

**ഇ-മെയിൽ**
haritham@kerala.gov.in

**എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ**
ഡോ.ടി.എൻ. സീമ

**സെക്രട്ടറി പൊതുവിദ്യാഭ്യാസ വകുപ്പ്**
എ. ഷാജഹാൻ, ഐ.എ.എസ്.

**സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ**
ഡോ.ആർ.അജയകുമാർ വർമ്മ

**ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.**
ഡോ. ജെ.പ്രസാദ്

**രചനയിൽ പങ്കെടുത്തവർ**
ജോജി കൂട്ടുമ്മേൽ
ഡോ.സി.മധുസൂദനൻ
ഡോ.കെ.സി.കൃഷ്ണകുമാർ
ശ്രീരാഗ് എസ്.ജെ.
വീണ എം.
നജീമ യു.
ചിത്രാമാധവൻ

**ഏകോപനം**
ഡോ. സി.രാമകൃഷ്ണൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
ടി.പി.സുധാകരൻ, ഹരിതകേരളം മിഷൻ

**ഫോട്ടോസ്**
ഡോ.കെ.സി.കൃഷ്ണകുമാർ

**കവർ & ഇല്ലസ്ട്രേഷൻസ്**
സുധീർ പി.വൈ.

**ഡിസൈൻ & ലേ-ഔട്ട്**
ഫൗസിയ പി.എ.



# സന്ദേശം

പൊതുവിദ്യാലയങ്ങൾ ഹരിതവിദ്യാലയങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷനുമായി ചേർന്ന് ഹരിതോത്സവം സംഘടിപ്പിക്കുന്നു എന്നറിയുന്നതിൽ സന്തോഷം.


പച്ചപ്പിന്റെ സമൃദ്ധി തിരിച്ചെടുക്കാൻ കൈകോർക്കുകയാണ് കേരളം. ജലാശയങ്ങളും നദികളും ശുദ്ധജലസ്രോതസ്സുകളും നിലനിർത്തുകയെന്നത് ഭാവിയിലേക്കുള്ള കരുതിവയ്ക്കലാണ്. മനുഷ്യർക്കും മറ്റ് ജീവികൾക്കും ഒരുപോലെ അവകാശപ്പെട്ട ഭൂമി സംരക്ഷിക്കേണ്ടത് നമ്മൾ ബാധ്യതയായി ഏറ്റെടുക്കണം. ഒരു മരം നടുമ്പോൾ നാളെയ്ക്കായി ഒരു ചുവടുവയ്പ്പാണ് നമ്മൾ നടത്തുന്നത് എന്നോർക്കണം.

പ്രകൃതിയെ വീണ്ടെടുക്കാൻ ആവിഷ്കരിച്ച 'ഹരിതകേരളം' എന്ന ബൃഹത്തായ പദ്ധതിയെ കേരളം ഇതിനകം ആവേശപൂർവം വരവേറ്റുകഴിഞ്ഞു. പുതിയ തലമുറയ്ക്ക് അറിവുപകരുന്ന തരത്തിൽ പദ്ധതിപ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്ന ദൗത്യമാണ് ഇപ്പോൾ നിറവേറ്റപ്പെടുന്നത്.

എസ്.സി.ഇ.ആർ.ടി, എസ്.എസ്.എ., ആർ.എം.എസ്.എ. പ്രതിനിധികൾ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവരുമായി ആലോചിച്ച് സ്കൂളുകളിലെ ഹരിത പ്രവർത്തനങ്ങൾക്ക് ഉതകുംവിധം പാഠഭാഗങ്ങളായിത്തന്നെ ചിട്ടപ്പെടുത്തിയ ഈ കൈപ്പുസ്തകത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.



**പിണറായി വിജയൻ**
മുഖ്യമന്ത്രി



# സന്ദേശം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷനുമായി ചേർന്ന് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 'ഹരിതോത്സവം' സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

വിദ്യാർഥികളെയും അവർക്കു ചുറ്റുമുള്ള പ്രകൃതിയെയും ഗാഢമായി ബന്ധിപ്പിച്ചുകൊണ്ട് ഹരിതസൗഹൃദമായ ഒരു വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക എന്നത് ലക്ഷ്യമാക്കി ആവിഷ്കരിച്ചിരിക്കുന്ന ഈ പദ്ധതി ശ്ലാഘനീയമാണ്. പാഠഭാഗങ്ങളുമായി ഒത്തുപോകുന്ന പ്രായോഗിക പ്രവർത്തനങ്ങളും മികച്ച ഹരിതവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമപരിപാടികളും ഹരിതോത്സവത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ രേഖപ്പെടുത്തുന്നതിനും വിദ്യാർഥികൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും വേണ്ടി ഒരു കൈപ്പുസ്തകം തയ്യാറാക്കുവാനുള്ള തീരുമാനവും ഉചിതമായിട്ടുണ്ട്.

ഈ സംരംഭത്തിന്റെ വിജയത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പ്രൊഫ. സി. രവീന്ദ്രനാഥ്**
വിദ്യാഭ്യാസമന്ത്രി



# ആമുഖം

കേരളത്തിന്റെ ജൈവ പ്രകൃതിയെ എല്ലാ നന്മകളോടെയും വീണ്ടെടുത്ത് അടുത്ത തലമുറയ്ക്ക് കൈമാറാനുള്ള ദൗത്യമാണ് ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുള്ളത്. ഇത് സാധ്യമാകണമെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഉത്തരവാദിത്വങ്ങൾ സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. പ്രകൃതിയോടുള്ള കടമകൾ സമൂഹത്തെ പഠിപ്പിക്കാൻ ഏറ്റവും ഫലപ്രദമായ മാർഗം വിദ്യാർഥികളിലേക്ക് ഈ സന്ദേശങ്ങൾ എത്തിക്കുക എന്നതാണ്. പ്രകൃതിയെ പാഠപുസ്തകമാക്കുന്ന നിരവധി പ്രവർത്തനങ്ങൾക്ക് ഇപ്പോൾ തന്നെ നമ്മുടെ നാട്ടിൽ പല വിദ്യാലയങ്ങളും നേതൃത്വം നൽകുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഹരിതവിദ്യാലയം എന്ന ലക്ഷ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഓരോ വിദ്യാലയത്തെയും ഹരിത വിദ്യാലയമാക്കുന്നതിനുള്ള പ്രവർത്തന പരിപാടിയെ കുറിച്ച് ഹരിതകേരളം മിഷൻ ചർച്ച ചെയ്തത്. ഈ ആശയത്തെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തു നിന്നും ലഭിച്ച പിന്തുണയാണ് ഹരിതോൽസവം എന്ന നിലയിൽ ഒരു പരിപാടി ആസൂത്രണം ചെയ്യാൻ ഞങ്ങൾക്ക് ഊർജം നൽകിയത്. ഹരിതോൽസവം ഓരോ നിലവാരത്തിലും ഉള്ള പാഠഭാഗങ്ങളുമായി ചേർന്നുപോകുന്ന തരത്തിലാണ് നടപ്പാക്കുക. അതിനു സഹായകമായ രീതിയിൽ പത്ത് ഉത്സവങ്ങളായിട്ടാണ് പ്രധാന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഹരിതോൽസവം കൈപ്പുസ്തകം തയ്യാറാക്കുന്നതിന് എസ്.സി.ആർ.ടി.യിലെ വിദഗ്ധരുടെയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രതിബദ്ധരായ അധ്യാപക സുഹൃത്തുക്കളുടെയും നിസ്വാർഥ സേവനം ലഭിച്ചിട്ടുണ്ട്. ഹരിതോൽസവം കൈപ്പുസ്തകം സാധ്യമാക്കാൻ കൈകോർത്ത എല്ലാവർക്കും നന്ദി. നാടിനെ ഹരിതാഭമാക്കാൻ ഓരോ പ്രദേശത്തും നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഊർജം പകരാനും പുതു തലമുറയ്ക്ക് പ്രകൃതിയുടെ അമൂല്യമായ പാഠങ്ങൾ പകർന്നു നൽകാനും ഹരിതോൽസവത്തിനു കഴിയും എന്ന് പ്രത്യാശിക്കുന്നു. അതിനു സഹായകമായ മാർഗനിർദേശങ്ങൾ നൽകാൻ ഈ കൈപ്പുസ്തകത്തിനു കഴിയും എന്ന് പ്രതീക്ഷിക്കുന്നു.



**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ



# ഹരിത വിദ്യാലയം
# സമീപന രേഖ

ഹരിത വിദ്യാലയം എന്നത് ഒരു സമീപനമാണ്. കുട്ടികൾക്ക് പഠനത്തിന്റെ ഭാഗമായി ഒരുക്കുന്ന പഠനാന്തരീക്ഷത്തിലൂടെയും പഠനാനുഭവങ്ങളിലൂടെയും പാരിസ്ഥിതികാവബോധവും പ്രകൃതിയെ അറിയാനും സംരക്ഷിക്കാനുമുള്ള മനോഭാവവും വികസിപ്പിക്കുക എന്നത് ഈ സമീപനത്തിന്റെ ഭാഗമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇത്തരമൊരു സമീപനം പ്രയോഗ പഥത്തിൽ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നുണ്ട്. അതിന്റെ പൊതുലക്ഷ്യങ്ങളിൽ താഴെപ്പറയുന്നവ കൂടി ഉൾച്ചേർന്നിട്ടുണ്ട്.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നി ന്നും ഒഴിവാക്കാനാവശ്യമായ ഇടപെടൽ നടത്തുക.
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത ലഹരി വിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക വഴി പ്രകൃതിക്കിണങ്ങിയ പതിനായിരം മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.

ഇക്കാര്യങ്ങൾ കൂടുതൽ വിശദമാക്കികൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മാർഗരേഖ ഇപ്രകാരം വിശദീകരിക്കുന്നു.

1. **കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.**

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ കൃഷി രീതികൾ പരിചയപ്പെടുത്തും. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കും.
- കൃഷിയെയും മാലിന്യ മാനേജ്മെന്റിനേയും ബന്ധപ്പെടുത്തി ഉദ്ഗ്രഥിത കൃഷി രീതികൾ വിദ്യാർത്ഥികളെ പ്രായോഗികമായി പരിചയപ്പെടുത്തും. വിവിധങ്ങളായ കമ്പോസ്റ്റ് രീതികൾ നാട്ടുകാരെ പരിചയപ്പെടുത്തുന്ന മാതൃകാ ഇടങ്ങളായി സ്കൂൾ കാമ്പസിനെ മാറ്റും. നാട്ടിലെ വിവിധയിനം കാർഷിക വിളകളുടെ ജീൻ ബാങ്കായി സാധ്യമായ ഇടങ്ങളിലെല്ലാം സ്കൂൾ കാമ്പസിനെ

പ്രയോജനപ്പെടുത്തും.

- സ്കൂൾ പാർലമെന്റിന് കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന് അതി നിർണായകമായ സ്ഥാനം ഉണ്ടാകും.

2. **മദ്യപാനം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവശ്യമായ ഇടപെടൽ നടത്തുക.**

- ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനും അവയ്ക്കെതിരായ മനോഭാവം വളർത്താനുമുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകും. ജനകീയ സഹകരണത്തോടെ സ്കൂൾ പരിസരത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ലഭ്യത പൂർണമായും ഒഴിവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവ വ്യക്തികളെയും കുടുംബത്തെയും സമൂഹത്തെയും എങ്ങിനെയെല്ലാം ബാധിച്ചിട്ടുണ്ട് എന്ന് അവരവരുടെ പ്രദേശം കേന്ദ്രീകരിച്ചുള്ള പഠനങ്ങളും പ്രസ്തുത പഠനങ്ങളുടെ അവതരണങ്ങളും സ്കൂൾ അടിസ്ഥാനത്തിൽ ഉണ്ടാകും.
- മദ്യത്തെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെയുള്ള ബഹുജന വിദ്യാഭ്യാസത്തിൽ സെക്കണ്ടറിതലത്തിലുള്ള കുട്ടികളുടെ പ്രവർത്തന സാധ്യത പരമാവധി പ്രയോജനപ്പെടുത്തും.

3. **പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി വിമുക്ത കാമ്പസുകൾ സൃഷ്ടിക്കുക.**

- സ്കൂൾതല ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗരേഖ തയാറാക്കും. പ്രചാരണ ബോധവത്കരണ പരിപാടികൾ, വിദഗ്ധരുടെ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കും. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ നേതൃത്വത്തിൽ സ്കൂൾതല ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തും.
- പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിദ്യാലയത്തിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തും. പ്ലാസ്റ്റിക്ക് വിമുക്ത കാമ്പസുകൾക്ക് പാരിതോഷികം നൽകും.
- ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതിനും പുനചംക്രമണം ചെയ്യുന്നതിനുമുള്ള സംവിധാനം സകൂൾ കാമ്പസിലുണ്ടാകും. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നത് ഒരു ശീലമായും ജീവിതരീതിയായും സ്കൂൾ ഘട്ടത്തിൽ തന്നെ മാറ്റാനുള്ള പ്രവർത്തന പദ്ധതികൾ ഉണ്ടാകും.

4. **കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക.**

- പഠനത്തെ പരിസരബന്ധിയായും ജീവിതഗന്ധിയായും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യും.
- സംസ്ഥാനത്ത് പതിനായിരം ഇടങ്ങളിൽ സ്കൂളുകളുമായി ബന്ധിപ്പിച്ച് ഇത്തരം മാതൃകാ ഇടങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ സൃഷ്ടിക്കും. ഇവ കുട്ടികളുടെ പരിസ്ഥിതി പാഠശാലയും മുതിർന്നവർക്ക് ജൈവ ലൈബ്രറിയും ആയിരിക്കും.

മേൽപ്പറഞ്ഞ സമീപനം കൂടുതൽ പ്രസക്തമാകുന്ന ഭൗതിക സാഹചര്യം നിലനിൽക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം എന്നിവ സംബന്ധിച്ച് ആഗോളതലത്തിൽ തന്നെ ആശങ്കകൾ വളർന്നുവരികയും ഗൗരവമായ ചർച്ചകളും സംവാദങ്ങളും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. കേരളത്തിലും ഇതിന്റെ അനുരണനങ്ങൾ പ്രകടമാണ്. കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം പലരീതിയിലും നമ്മുടെ സംസ്ഥാനത്തെയും ബാധിക്കുന്നുണ്ട്. നമ്മുടെ വികസന മുന്നേറ്റത്തിൽ ഉൾച്ചേർന്നുവന്ന ദൗർബല്യമാണ് നാം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നം. നേരിൽകാണുന്നതിനപ്പുറമുള്ള നിരവധി കാര്യങ്ങൾ ഇതിൽ അന്തർലീനമായിട്ടുണ്ട്. മാലിന്യ പ്രശ്നത്തെ തിരിച്ചറിയാനും അതിനെ ക്രീയാത്മകമായി പരിഹരിക്കാനും മാലിന്യത്തെ പ്രയോജനപ്പെടുത്താവുന്ന ഒരസംസ്കൃതവസ്തുവായി പരിഗണിക്കുന്നതിനും ആവശ്യമായ അറിവും കഴിവും നൈപുണിയും മനോഭാവവും വികസിപ്പിക്കാനുള്ള ഇടമായി സ്കൂൾ കാമ്പസിനെ പ്രയോജനപ്പെടുത്താം. അങ്ങനെ ചെയ്യുകയാണെങ്കിൽ മാലിന്യ നിർമാർജനത്തിന്റെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പ്രയോഗശാലയായി വിദ്യാലയങ്ങൾ മാറേണ്ടിവരും. മാലിന്യ നിർമാർജനത്തേയും കൃഷിയുടെ സാധ്യതകളേയും പരസ്പരം ബന്ധിപ്പിക്കാനും കഴിയേണ്ടതുണ്ട്. കൃഷിയെന്നത് ജീവിതത്തിന്റെ ഭാഗമായ ഒരു സംസ്കാരമായി വളർത്തണമെങ്കിൽ കൃഷിയുമായി കുട്ടികളെ പ്രായോഗികമായി ബന്ധിപ്പിക്കേണ്ടതുണ്ട്. കീടനാശിനി മുക്ത കാമ്പസ് എന്നത് പ്രയോഗത്തിലൂടെ കുട്ടികൾ ഉൾക്കൊള്ളണം. ലഹ



രിവിമുക്ത മനോഭാവം കുട്ടികളിൽ ഉണ്ടാക്കാനും ഒട്ടേറെ പ്രായോഗിക പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഹരിത പ്രോട്ടോക്കോൾ എല്ലാ സ്ഥാപനങ്ങളിലും പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നവകേരള കർമപരിപാടിയുടെ ഭാഗമാണ്. ഇതിന്റെ ഭാഗമായ ഹരിതകേരളം മിഷൻ, ആർദ്രം മിഷൻ എന്നിവയുടെ സാധ്യതകൂടി ഉൾക്കൊണ്ടുള്ള ഒരു പൊതു കർമപരിപാടി ഹരിത വിദ്യാലയത്തിന്റെ ഭാഗമായി രൂപപ്പെടേണ്ടതുണ്ട്.

ഇതോടൊപ്പം പ്രധാനമാണ് നിലവിലുള്ള മൂത്രപ്പുര, കക്കൂസ് മുതലായവ ഉപയോഗ യോഗ്യമാണെന്നും ശുചിയായി നിലനിർത്തുന്നു എന്നും ഉറപ്പു വരുത്തുക. അവരവരുടെ വിദ്യാലയം ശുചിത്വ കാര്യത്തിൽ മാതൃകയാണെന്ന് ഉറപ്പു വരുത്തുന്നത് മോണിറ്റർ ചെയ്യാനുള്ള ഉത്തരവാദിത്തം സ്കൂൾ പാർലമെന്റിന് നൽകാവുന്നതാണ്. ഒരു തദ്ദേശഭരണ സ്ഥാപന പരിധിയിലുള്ള മുഴുവൻ വിദ്യാലയങ്ങളും ശുചിത്വകാര്യത്തിലും സ്കൂൾ ക്യമ്പസിനെ ഹരിതാഭമാക്കുന്ന കാര്യത്തിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നത് മോണിറ്റർ ചെയ്യാൻ തദ്ദേശഭരണസ്ഥാപന പരിധിയിലുള്ള വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കാൻ സ്കൂൾ പാർലമെന്റ് അംഗങ്ങൾക്ക് അവസരം ഉറപ്പാക്കണം. ഇതിനെല്ലാം സഹായകമായ ഒരു പൊതു കർമ്മ പദ്ധതി ഹരിതകേരളം മിഷനുമായി സംയുക്തമായി രൂപകൽപന ചെയ്യാം .

വിവിധങ്ങളായ പ്രവർത്തനങ്ങൾ ഈ പൊതു കർമപരിപാടിയുടെ ഭാഗമായി ഉണ്ടാകണം. ആരംഭഘട്ടത്തിൽ ഹരിതകേരളം മിഷന്റെ സഹായത്തോടുകൂടി ഹരിതോത്സവം പദ്ധതി മുന്നോട്ടുവയ്ക്കുന്നു.

## ഹരിതോത്സവം

ഹരിതവിദ്യാലയം എന്ന ആശയത്തിന് ആഗോളതലത്തിൽ തന്നെ കൂടുതൽ പ്രസക്തി കൈവന്നിരിക്കുന്ന കാലമാണിത്. ആഗോളതലത്തിൽ പൊതുവിലെന്നത് പോലെ കേരളവും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളിൽ പെട്ടുഴലുകയുമാണ്. ദീർഘകാലാടിസ്ഥാനത്തിൽ ജനതയുടെ മനോഭാവത്തിൽ മാറ്റം വരുത്തിക്കൊണ്ട് മാത്രമേ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയൂ. ഈ മനോഭാവത്തിൽ മുഖ്യമായും താഴെപ്പറയുന്നവയാണ് അടങ്ങിയിരിക്കുന്നത്.

1. പരിസര-വ്യക്തി-സ്ഥാപനതലത്തിലുള്ള ശുചിത്വം
2. വനവത്ക്കരണവും വൃക്ഷവത്ക്കരണവും
3. മാലിന്യ നിർമ്മാർജ്ജനം
4. വായു, ജലം, മണ്ണ് സംരക്ഷണം
5. കാർഷിക സംസ്കൃതി തിരിച്ച് പിടിക്കുക
6. അദ്ധ്വാനശീലവും സ്വാശ്രയത്വവും പ്രോത്സാഹിപ്പിക്കുക

ഈ പ്രവർത്തനങ്ങൾക്കോരോന്നിനും വിദ്യാലയങ്ങളിൽ വലിയ പ്രാധാന്യമുണ്ട്. ഒന്നാമതായി വിദ്യാലയങ്ങളിലെ അക്കാദമിക പ്രവർത്തനങ്ങൾ വ്യാപിച്ചു കിടക്കുന്ന വിശാലമായ ഒരു മേഖലയാണിത്. പ്രൈമറിതലത്തിൽ പരിസരപഠനം, ഭാഷ, ഗണിതം തുടങ്ങിയ വിഷയങ്ങളിലൊക്കെ ഇവയെല്ലാം ഉൾച്ചേർന്നിരിക്കുന്നു. അപ്പർ പ്രൈമറി, സെക്കണ്ടറി തലങ്ങളിലേയ്ക്ക് എത്തുമ്പോൾ അടിസ്ഥാനശാസ്ത്രം, സാമഹ്യശാസ്ത്രം, ഭാഷ എന്നീ വിഷയങ്ങളിലും മേൽപറഞ്ഞ മേഖലകൾ വ്യാപിച്ചു കിടക്കുന്നതായി കാണാം. അങ്ങനെ നോക്കിയാൽ ഇവയെല്ലാം നേരിട്ട് ക്ലാസ്സ് മുറി പ്രവർത്തനങ്ങളുമായി കണ്ണിചേർന്നുകിടക്കുന്നവയാണ്. രണ്ടാമതായി കേരളത്തിലെ പൊതുവിദ്യാഭ്യാസസംവിധാനം മുന്നോട്ട് വയ്ക്കുന്ന മൂല്യബോധവും പ്രധാനമാണ്. ജനാധിപത്യബോധം, മതനിരപേക്ഷത, ലിംഗനീതി,തുല്യത, പാരിസ്ഥിതികാവബോധം എന്നീ മുല്യങ്ങൾ കുട്ടികൾക്ക് പകർന്ന് നൽകാൻ വിദ്യാഭ്യാസത്തിന് കഴിയേണ്ടതുണ്ട്. നമ്മുടെ വിദ്യാഭ്യാസരംഗം ഈ മൂല്യങ്ങൾ കുട്ടികൾക്ക് പകർന്ന് നല്കുന്നത് മുഖ്യമായും രണ്ട് വഴികളിലൂടെയാണ്. ഒന്ന്, പാഠപുസ്തകത്തിലെ നിരവധി പ്രവർത്തനങ്ങളിലൂടെ. രണ്ട്, വിദ്യാലയക്കെട്ടിടവും പരിസരവും അടങ്ങുന്ന കാമ്പസ് മൊത്തത്തിൽ പാഠപുസ്തകവും പഠനോപകരണവും ആയിക്കൊണ്ട്. ആദ്യഭാഗത്ത് വായനാ സാമഗ്രികൾ ഉപയോഗിക്കൽ, പ്രോജക്ടുകൾ, സർവ്വേകൾ, നിരീക്ഷണങ്ങൾ, ദിനാചരണങ്ങൾ എന്നിവയൊക്കെ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങളുടെ ഒരു മുഖ്യ സഹായക ഘടകമായി ഹരിതോത്സവം മാറും.

ഹരിതോൽസവത്തിൽ മുഖ്യമായും ദിനാചരണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് തുടങ്ങി ലോക വിദ്യാർത്ഥിദിനമായ നവംബർ 17 ന് അവസാനിക്കുന്ന തരത്തിൽ പത്ത് ഉത്സവ ദിനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. മരുവത്ക്കരണ ദിനം (ജൂൺ 17), ഡോക്ടർ ദിനം

(ജൂലൈ 1), ലോക പ്രകൃതി സംരക്ഷണദിനം (ജൂലൈ 28), പുനരുപയോഗ ദിനം (ആഗസ്റ്റ് 9), ദേശീയ കായിക ദിനം (ആഗസ്റ്റ് 29), ഓസോൺ ദിനം (സെപ്റ്റംബർ 16), ഗാന്ധിജയന്തി (ഒക്ടോബർ 2), ലോക ഭക്ഷ്യദിനം (ഒക്ടോബർ 16) എന്നിവയാണ് മറ്റ് എട്ട് ഉത്സവ ദിനങ്ങൾ. ദിനാചരണങ്ങളുടെ ഭാഗമായി വിവിധ പ്രോജക്റ്റുകൾ, സർവ്വേകൾ, ജല ഓഡിറ്റ്, രചനാപ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, ഭക്ഷ്യമേളാ ചർച്ചാക്ളാസുകൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ ആരോഗ്യവും കായികമായ കഴിവുകളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. മഴവെള്ള സംഭരണവും പ്ലാസ്റ്റിക്ക് നിയന്ത്രണവും വൃക്ഷവത്ക്കരണവും മാലിന്യസംസ്ക്കരണവും ഇതിലുണ്ട്. ഭാവനാശാലിയായ അദ്ധ്യാപകർക്ക് കൂടുതൽ പ്രവർത്തനങ്ങൾ സർഗ്ഗാത്മകമായി ഉൾപ്പെടുത്താൻ കഴിയുംവിധം വഴക്കമുള്ള ശൈലിയാണ് ഹരിതോത്സവം സ്വീകരിച്ചിട്ടുള്ളത്.

രണ്ടാമത്തേത് വിദ്യാലയവും പരിസരവും മൊത്തത്തിൽ പാഠപുസ്തകവും പഠനോപകരണവുമാവുകയെന്നതാണ്. ഈ രംഗത്ത് കേരളം വളരെക്കുറച്ച് മാത്രമേ മുന്നേറിയുള്ളു. 2007-10 കാലത്ത് നടന്ന എന്റെ മരം പദ്ധതിയാണ് ഇത്തരുണത്തിൽ ആദ്യത്തേത്. അത് പക്ഷേ സ്കൂൾ കോമ്പൗണ്ടിനു പുറത്തായിരുന്നു. 2016-17 ന്റെ അവസാനഘട്ടത്തിൽ തുടങ്ങിയ വിദ്യാലയങ്ങളിലെ ജൈവവൈവിദ്ധ്യ ഉദ്യാനമാണ് ഈ ദിശയിലുള്ള ഒരു കുതിച്ച് ചാട്ടം. ഇതിന്റെ തുടർച്ചയായി ഹരിതോത്സവത്തെ കണക്കാക്കാം.

പാഠ്യ പദ്ധതിയോടും പഠനപ്രവർത്തനങ്ങളോടും നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ ക്ലാസ്സ് മുറിപ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കുന്ന തരത്തിൽ അതിനോട് ഇഴചെർന്ന് മാത്രമേ ഹരിതോത്സവ പ്രവർത്തനങ്ങൾക്ക് മുന്നോട്ട് പോകാനാവൂ. ഓരോ ദിനാചരണവും ക്ലാസ്സ്/വിഷയം തലത്തിൽ നടപ്പാക്കാൻ കഴിയും വിധമാണ് ഒരുക്കിയിട്ടുള്ളത്. അങ്ങനെ മാത്രമേ ചെയ്യാൻ പാടുള്ളൂതാനും. ഓരോ ദിനാചരണവും അതിന്റെ അനുബന്ധ പ്രവർത്തനങ്ങളും വിവിധ പഠനാശയങ്ങളുമായി ബന്ധിപ്പിച്ചാണ് ചെയ്യേണ്ടത്. ഇത് ചെയ്യാൻ അതത് ക്ലാസ്സിലെ അദ്ധ്യാപകർക്ക് മാത്രമേ കഴിയൂ.അദ്ധ്യാപകർക്ക് വ്യാപകമായ പരിശീലനം നൽകിക്കൊണ്ട് മാത്രമേ ഈ ലക്ഷ്യം നേടാനാവുകയുള്ളൂ. ഇതിന് പ്രവർത്തനമൊഡ്യൂൾ വേണം. ഒന്ന്, ഹരിത വിദ്യാലയത്തിന്റെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കുന്നതിന്. രണ്ട്, ഓരോ ക്ളാസിലേയും ഓരോ വിഷയവുമായും ബന്ധപ്പെട്ട് ചെയ്യാവുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുന്നതിന്. ഇതിന് ഹരിതോത്സവം കൈപ്പുസ്തകം, ടെക്സ്റ്റ് ബുക്കുകൾ, ടീച്ചർ ടെക്സ്റ്റ് എന്നിവ ഉപയോഗപ്പെടുത്താം. അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ അര ദിവസം ഇതിനായി മാറ്റിവെച്ചാൽ മതിയാവുന്നതാണ്. അവധിക്കാല പരിശീലനത്തിന്റെ കോർ എസ്.ആർ.ജി. മുതൽ ഹരിതോത്സവം കൂടി അജണ്ടയാക്കിയാൽ ഇത് സാധ്യമാക്കാവുന്നതാണ്.

ചുരുക്കത്തിൽ ഹരിതോത്സവം, പഠനപ്രവർത്തനങ്ങളുമായി ഉൾച്ചേർന്നിരിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗം തന്നെയാണത്. പൊതുവിദ്യാഭ്യാസം മുന്നോട്ട് വയ്ക്കുന്ന മൂല്യബോധത്തിന് അനുസൃതമാണ്. കേരളത്തിന്റെ പാരിസ്ഥിതികാവബോധം മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘകാല പരിപാടിയാണ്. ഹരിതപെരുമാറ്റച്ചട്ടത്തിലേക്ക് അദ്ധ്യാപകരേയും വിദ്യാർഥികളേയും രക്ഷകർത്താക്കളേയും നയിക്കുന്ന പ്രവർത്തനമാണ്. പൊതു വിദ്യഭ്യാസം ഇതുവരെ മുന്നോട്ട് വച്ച പ്രവർത്തനങ്ങളുടെ സ്വാഭാവിക തുടർച്ചയാണ്.



# എന്തുകൊണ്ട്
# ഹരിതോത്സവം?

**ലോ**കം കാലാവസ്ഥാവ്യതിയാനം എന്ന പ്രതിസന്ധി നേരിടുകയാണ്. ഭൂമിയുടെ അന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ അളവ് കൂടുന്നതാണ് അന്തരീക്ഷ താപനില ഉയരാൻ പ്രധാന കാരണം. താപനിലയിലെ മാറ്റം നമ്മുടെ കാലാവസ്ഥയെ ആകെ മാറ്റിമറിക്കുന്നു. നിനച്ചിരിക്കാതെ പെരുമഴയുണ്ടാകുന്നു. വെള്ളപ്പൊക്കവും കൊടുങ്കാറ്റും ആവർത്തിക്കുന്നു. മഴ കിട്ടേണ്ട കാലത്ത് ഒരുതുള്ളി മഴയില്ലാതാകുന്നു. കടുത്തവരൾച്ച കുടിവെള്ള ക്ഷാമത്തിനിടയാക്കുന്നു. കർഷകർ പ്രതിസന്ധിയിലാവുന്നു, ഭക്ഷ്യസുരക്ഷ നഷ്ടമാവുന്നു. ആഗോളതാപനം മൂലം കടൽ ജലനിരപ്പ് ഉയരുന്നതായും ശാസ്ത്രജ്ഞർ പറയുന്നു. ചെറുദ്വീപുകൾ അതിൽ മുങ്ങിപ്പോകുമോ എന്ന ആശങ്കയും വർധിച്ചുവരുന്നുണ്ട്. ഇങ്ങനെ ലോകമാകമാനം കാലാവസ്ഥയുടെ അവസ്ഥ അത്ര നന്നല്ല.

കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. കഴിഞ്ഞ കുറേ വർഷങ്ങളായി മഴയുടെ അളവിൽ കാര്യമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. വെള്ളപ്പൊക്കവും അതോടൊപ്പം കടുത്ത വേനലും ഒരുപോലെ പ്രശ്നമാവുകയും ചെയ്യുന്നു. മഴയും വേനലും മഞ്ഞുമൊക്കെ ലഭിക്കുന്നതിന്റെ സ്വാഭിവിക താളം തെറ്റിയതായി എല്ലാവരും സമ്മതിക്കുന്നുണ്ട്. എന്താണിതിനുകാരണം? കാടും പുഴയും കുന്നും വയലും കായലും കുറയുന്നത് കേരളത്തിലെ കാലാവസ്ഥാമാറ്റത്തിന് കാരണമാണ്. തീരക്കടലും ആഴക്കടലും അടക്കം മലിനീകരണ ഭീഷണിയിലാണ്. ഇതൊക്കെയും ശുദ്ധവായുവിന്റെയും ശുദ്ധജലത്തിന്റെയും ലഭ്യതയെ ബാധിച്ചുകഴിഞ്ഞു. ഇത്തരം പാരിസ്ഥിതിക മാറ്റങ്ങൾ കാർഷികമേഖലയ്ക്കും ദോഷമായി. അത് ഭക്ഷ്യലഭ്യത കുറയ്ക്കുകയും ചെയ്തു. മലീനീകരണത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല, മാലിന്യം പെരുകിയാൽ രോഗങ്ങളും പെരുകും. നിർമാർജനം ചെയ്തു എന്ന് നമ്മൾ കരുതിയിരുന്ന ചില രോഗങ്ങൾ തിരിച്ചുവരുന്നു എന്നതും ഗൗരവത്തോടെ കാണേണ്ടതാണ്. ഒപ്പം പുതിയ രോഗങ്ങൾ പുതിയ ഭീഷണിയാവുകയും ചെയ്യുന്നു.





ഇത് പേടിക്കേണ്ട അവസ്ഥയാണ്. പക്ഷേ, പേടിച്ചിരുന്നിട്ട് കാര്യമില്ല. ഈ സ്ഥിതിയെ മറികടക്കാൻ കഴിയണം. അത് അസാധ്യമൊന്നുമല്ല. നമ്മൾ പ്രകൃതിയിലേക്ക് കണ്ണുതുറന്നാൽ മതി. കാടിന്റെ ഇരുണ്ടസൗന്ദര്യം കാണുക. പുഴയുടെ തെളിഞ്ഞ ഒഴുക്ക് ആസ്വദിക്കുക. കുന്നിൻമുകളിലെ ആകാശം എത്ര മനോഹരമായിരിക്കുന്നു എന്ന് ആശ്ചര്യപ്പെടുക. മണൽപ്പരപ്പിലൂടെ നടക്കുക, കടലിരമ്പം കേൾക്കുക, വയൽക്കൊറ്റികളോട് കിന്നാരം പറയുക, വിളഞ്ഞ നെൽക്കതിർ കൈയിലെടുക്കുക... അങ്ങനെയൊക്കെയാണ് പരിസ്ഥിതിയെ സ്നേഹിച്ചു തുടങ്ങുന്നത്. പ്രകൃതിസ്നേഹം തീർച്ചയായും മലിനീകരണത്തിന്റെ തോത് കുറയ്ക്കും. കൃഷിയെ പുനരുജ്ജീവിപ്പിക്കും. ഭക്ഷ്യസുരക്ഷയും ആരോഗ്യവും തിരിച്ചു തരും.

നമ്മുടെ ജീവിതശൈലിയും ഹരിതഗൃഹപ്രഭാവത്തിന് കാരണമായ വാതകങ്ങൾ അന്തരീക്ഷത്തിലെത്തിക്കുന്നുണ്ട്. അനിയന്ത്രിതമായി മോട്ടോർവാഹനങ്ങൾ ഉപയോഗിക്കുമ്പോഴും എയർകണ്ടീഷണറുകളും റഫ്രിജറേറ്ററുകളും വ്യാപകമാവുമ്പോഴും ഹരിതഗൃഹ വാതകങ്ങൾ അന്തരീക്ഷത്തിൽ എത്തുന്നതിന്റെ തോത് വർധിക്കും. ഈ പ്രശ്നത്തിന്റെ പരിഹാരത്തെക്കുറിച്ച് നമ്മൾ ആഴത്തിൽ ചിന്തിക്കണം. ഒരാൾ ഒറ്റയ്ക്ക് യാത്രചെയ്യുന്ന വലിയ വാഹനങ്ങളെക്കാൾ നിറയെ ആളുകളെ കയറ്റാവുന്ന പൊതു വാഹനങ്ങൾ ശീലമാക്കണം. മരങ്ങൾ വ്യാപകമായി നട്ടുവളർത്തിയാൽ കാലക്രമേണ എയർകണ്ടീഷണറുകളെ ആശ്രയിക്കുന്നത് കുറയ്ക്കാനാവും. നന്നായി കാറ്റും വെളിച്ചവും കടക്കുന്ന വീടുകളും പരിഹാര മാർഗമാണ്. ഓരോ വീട്ടിലും പച്ചക്കറിത്തോട്ടം ഒരുക്കിയാൽ റഫ്രിജറേറ്ററിന്റെ ഉപയോഗവും കുറയ്ക്കാം. ഇനി വരുന്നൊരു തലമുറയെക്കൂടി മുന്നിൽ കണ്ടുകൊണ്ടാവണം നമ്മുടെ ഒരോ പ്രവർത്തനങ്ങളുമെന്ന് ഓർമിക്കണം.

നമ്മൾ ഒന്ന് മനസ്സുവച്ചാൽ പരിസ്ഥിതി പ്രശ്നങ്ങളെ അതിജീവിക്കാനുള്ള വഴികൾ നിരവധിയുണ്ട്. പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിന്റെ ഗുണഫലങ്ങൾ തിരിച്ചറിഞ്ഞുതുടങ്ങേണ്ടത് വിദ്യാലയങ്ങളിൽ നിന്നാണ്. ഇത്തരം ആശയങ്ങൾ പഠിക്കുന്നതിനും പ്രവർത്തനങ്ങൾ ശീലിക്കുന്നതിനും വിദ്യാലയത്തിൽ ധാരാളം അവസരങ്ങളുമുണ്ട്. ക്ലാസ് മുറിയിലിരുന്നു പാഠങ്ങൾ കാണാപ്പാഠം പഠിക്കുന്നവരല്ലല്ലോ നമ്മുടെ കുട്ടികൾ. പുറത്തിറങ്ങാനും പ്രകൃതിയെ കാണാനും നിരീക്ഷിക്കാനും തൊട്ടറിയാനും കണ്ടുപഠിക്കാനുമൊക്കെ കുട്ടികൾക്ക് അവസരങ്ങളുണ്ട്. പാഠപുസ്തകങ്ങൾ അത്തരം നിരവധി അവസരങ്ങൾ തുറന്നുതരുന്നു. അവയെ നന്നായി ഉപയോഗപ്പെടുത്തണം. ഒപ്പം പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും വേണം.

പഠനത്തിൽ നിന്ന് വേറിട്ട വസ്തുതയായല്ല കുട്ടികൾ പ്രകൃതിസംരക്ഷണത്തെ തിരിച്ചറിയേണ്ടത്. പഠനത്തോട് ഇഴുകിച്ചേർന്ന ഒരു മനോഭാവമായി അവർക്ക് അത് അനുഭവപ്പെടണം. അതിനുള്ള അവസരമാണ് ഹരിതകേരളം മിഷൻ ഹരിതോത്സവം പദ്ധതിയിലൂടെ അവതരിപ്പിക്കുന്നത്. അതിന് ഓരോ വിദ്യാലയവും ഹരിതമാകണം, വിദ്യാലയം അപ്പാടെ ഒരു പഠനോപകരണമായി മാറണം. നമുക്ക് ഒരുമിച്ച് മുന്നിട്ടിറങ്ങാം ഹരിതാഭമായ നല്ല നാളെകൾക്കായി...



# എന്താണ് ഹരിതവിദ്യാലയം

**ചു**മരിൽ കാടിന്റെയും ചിത്രശലഭങ്ങളുടെയും തുമ്പികളുടെയുമൊക്കെ പടം വരച്ചാൽ വിദ്യാലയങ്ങൾ ആകർഷകമാകും. അത്തരത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്. എന്നാൽ അതുകൊണ്ട് വിദ്യാലയങ്ങൾ ഹരിതമാകുന്നില്ല. ഒരു വിദ്യാലയം ഹരിതമാകണമെങ്കിൽ അതിന്റെ എല്ലാ ഘടകങ്ങളും ഹരിതസൗഹൃദമാകണം. ക്ലാസ് മുറികൾ, ഓഫീസ് മുറികൾ, ലാബുകൾ, ലൈബ്രറികൾ, ടോയ്‌ലറ്റുകൾ, കോവണിപ്പടികൾ, മേൽക്കൂര, സ്കൂൾ മുറ്റം ഇവയൊക്കെ പ്രകൃതിസൗഹൃദമാകണം. അതായത് പഠിതാക്കളെയും പ്രകൃതിയെയും ബന്ധിപ്പിക്കുന്നതാകണം എന്നർഥം. അതിനായി നാം ചിലകാര്യങ്ങൾ ശ്രദ്ധിക്കണം.

## ക്ലാസ് മുറികൾ

നമ്മുടെ ക്ലാസ്മുറികൾ നോക്കാം. ആവശ്യത്തിന് വെളിച്ചമുണ്ടോ? എല്ലാവർക്കും ശുദ്ധവായു ലഭിക്കുന്നുണ്ടോ? ടീച്ചർ ബോർഡിൽ എഴുതുന്നത് എല്ലാ കുട്ടികൾക്കും കാണാൻ കഴിയുന്നുണ്ടോ? സൂര്യവെളിച്ചം ബോർഡിലേക്ക് വീഴുന്നത് കുട്ടികളുടെ കണ്ണഞ്ചിപ്പിക്കാത്ത തരത്തിലാണോ? ഇതൊക്കെ ഉറപ്പുവരുത്തേണ്ട പ്രധാന കാര്യങ്ങളാണ്. ബോർഡിൽ എഴുതിയത് തുടയ്ക്കുമ്പോൾ ഉണ്ടാകുന്ന ചോക്കുപൊടി ക്ലാസ്മുറിയിലാകെ വ്യാപിക്കാത്ത വിധത്തിലുള്ള ഡസ്റ്ററുകൾ ഉപയോഗിക്കുന്നതാണ് നല്ലത്.

## പേനയും ബാഗും

കുട്ടികൾ ഒരാഴ്ച ഉപയോഗിച്ച് ഒരു പേന വലിച്ചെറിഞ്ഞ് കളയുന്നുവെങ്കിൽ ആ ക്ലാസ് മുറി ഒട്ടും ഹരിതമല്ല. ഈ രീതിതുടർന്നാൽ നാൽപ്പത് കുട്ടികൾ ഉള്ള ഒരു ക്ലാസിൽ ഓരോ മാസവും 150 പേനകൾ വലിച്ചെറിയപ്പെട്ടേക്കാം. അവയെല്ലാം പ്ലാസ്റ്റിക് മാലിന്യം ആണെന്ന് ഓർക്കണം. ചെറിയ ക്ലാസുകളിൽ പെൻസിൽ ഉപയോഗിക്കാൻ കഴിയില്ലേ? ബോൾപോയിന്റ് പേന വേണമെങ്കിൽ കടലാസ് നിർമിത പേനകൾ കിട്ടുമോ? മഷി ഒഴിച്ചെഴുതുന്ന പേനകൾ ദീർഘകാലം ഉപയോ

**അഞ്ചുകൊല്ലം ഒരേ സ്കൂൾബാഗ് ഉപയോഗിച്ച കുട്ടിയെ ആദരിക്കാൻ നമുക്ക് കഴിയണം.**

ഗിക്കാം. രണ്ടോ മൂന്നോ വർഷം, ചിലപ്പോൾ അഞ്ചുവർഷം വരെ. എത്ര പുതിയ പേന ഉപയോഗിച്ചു എന്നതല്ല, ഒരു പേന എത്രനാൾ ഉപയോഗിച്ചു എന്നതാണ് കേമത്തത്തിന്റെ അടയാളമാകേണ്ടത്. ഇത് തന്നെയാണ് സ്കൂൾ ബാഗിന്റെയും കഥ. നാലോ അഞ്ചോ കൊല്ലം ഒരേ സ്കൂൾബാഗ് ഒരു കുട്ടി ഉപയോഗിച്ചാൽ വലിയ അളവിൽ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കാനാവും. ഇതിനെല്ലാം പുറമെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അപകടങ്ങൾ കുട്ടികൾക്ക് ബോധ്യപ്പെടും. പ്ലാസ്റ്റിക്കിന്റെ ക്രമീകൃതമായ ഉപയോഗം ചെറുപ്പത്തിലേ ശീലമാക്കുകയും ചെയ്യും.

## മാലിന്യങ്ങൾ എന്തുചെയ്യും?

ക്ലാസ് മുറിയിൽ ചപ്പുചവറുകൾ ഉണ്ടാകുന്നുണ്ടോ? ചപ്പുചവറുകൾ ഉണ്ടാകുന്നത് എത്രമാത്രം കുറയ്ക്കാം എന്നതായിരിക്കണം ആദ്യത്തെ ആലോചന. ക്ലാസ് മുറിയിൽ എന്തെല്ലാം ചപ്പുചവറുകൾ വരും? പാഴ്കടലാസ്, മിഠായിപ്പൊതികൾ, വർണക്കടലാസ്, പശക്കുപ്പി അങ്ങനെ പലതും. ഇവ ശ്രദ്ധാപൂർവം വേർതിരിക്കണം. മിഠായിക്കടലാസ് ഒഴിവാക്കാനായി ജന്മദിനത്തിന് ചോക്കലേറ്റ് സമ്മാനിക്കുന്നത് വേണ്ടെന്നു വച്ചുകൂടേ? ഓരോ ക്ലാസ് മുറിയിലും ചുരുങ്ങിയത് രണ്ട് ചവറ്റുകുട്ടകൾ എങ്കിലും വേണം. ഒരെണ്ണത്തിൽ കടലാസ്സുകളും മറ്റും നിക്ഷേപിക്കാം. രണ്ടാമത്തേതിൽ പ്ലാസ്റ്റിക്കും അതുപോലെയുള്ളവയും.

മാലിന്യങ്ങൾ പരമാവധി ഉണ്ടാക്കാതിരിക്കലാണ് നമ്മുടെ ലക്ഷ്യം. എന്നാൽ ചെറിയ അളവിലെങ്കിലും ഉണ്ടാകുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുകയും വേണം. ഇവ എങ്ങനെ ഒഴിവാക്കുന്നു എന്നതും പ്രധാനമാണ്. പാഴ്വസ്തുക്കളിൽ നിന്ന് കരകൗശല വസ്തുക്കൾ ഉണ്ടാക്കാൻ എത്ര പേർക്കറിയാം? അറിയാവുന്നവർ അത് മറ്റുള്ള





വരെ പഠിപ്പിക്കട്ടെ. പ്രാദേശികമായി ലഭ്യമാകുന്ന വിദഗ്ധരെ ഇക്കാര്യത്തിൽ ഉപയോഗിക്കാം. പേപ്പർ പൾപ്പ്കൊണ്ട് പെൻസിൽ നിർമിക്കുന്ന വിവിധ ഏജൻസികൾ ഉണ്ട്. കുറച്ചുപേർ പരിശീലിച്ചാൽ, അതൊരു പുതിയവഴി തുറന്നു തരും.

## പരീക്ഷണശാലയും ഗ്രന്ഥശാലയും

വിദ്യാലയത്തിലെ പരീക്ഷണശാലയും ഗ്രന്ഥശാലയും എങ്ങനെയാണെന്ന് നോക്കൂ. പരീക്ഷണശാലയിൽ ഉപകരണങ്ങൾ വൃത്തിയായി സൂക്ഷിച്ചിട്ടുണ്ടോ? രാസവസ്തുക്കൾ കുപ്പികളിൽ ലേബൽ ഒട്ടിച്ചു ഭദ്രമായി വച്ചിട്ടുണ്ടോ? പൊട്ടിത്തെറിക്കുന്നതും അപകടകരവുമായവ സുരക്ഷാ മുൻകരുതൽ പാലിച്ചാണോ സൂക്ഷിച്ചിരിക്കുന്നത്. ഇവയൊക്കെ നാം ശ്രദ്ധിക്കണം. പരീക്ഷണശാലയിൽ നല്ല



വെളിച്ചം വേണം. ഗ്രന്ഥശാലകളും അങ്ങനെ തന്നെ. പൊടിപിടിച്ച ഇരുണ്ട ഗ്രന്ഥശാലകൾ ആരെയും വായനയിലേക്ക് ആകർഷിക്കണമെന്നില്ല. പുസ്തകങ്ങൾ ചിട്ടയോടെ അടുക്കിവയ്ക്കണം. കുട്ടികൾക്ക് പുസ്തകങ്ങൾ എളുപ്പത്തിൽ തിരഞ്ഞെടുക്കുവാൻ കഴിയണം. നല്ല വെളിച്ചത്തിൽ വായിക്കാനുള്ള സൗകര്യവും വളരെ പ്രധാനമാണ്.

**അനാവശ്യ ആഡംബരങ്ങൾ ഒഴിവാക്കിയാൽ മാലിന്യം തനിയെ കുറയും**

## സ്കൂൾ മുറ്റം

ഇനി പുറത്തേക്ക് നോക്കൂ. സ്കൂൾ മുറ്റത്ത് എന്തെല്ലാം മരങ്ങൾ ഉണ്ട്. പൂച്ചെടികൾ എന്തെങ്കിലും ഉണ്ടോ? പരിസ്ഥിതി പഠനത്തിന് പൂക്കളെയും പൂമ്പാറ്റകളെയും കാണാതെ പറ്റില്ലല്ലോ? അപ്പോൾ പൂച്ചെടികൾ വയ്ക്കണം. ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ പ്രത്യേകമായും വയ്ക്കണം. ശലഭങ്ങൾ സസ്യങ്ങളെ ഉപയോഗിക്കുന്നത് തേൻ കുടിക്കാൻ മാത്രമല്ല. അവയ്ക്ക് വളരാനുള്ള ആതിഥേയ ഇടങ്ങൾ ആയിക്കൂടിയാണ്. നാരകം, പാണൽ, അരണമരം, അത്തി, ചെമ്പകം, സീതപ്പഴം, മഞ്ഞത്തകര, തെങ്ങ്, കമുക്, ഈന്തപ്പന, മുരിക്ക്, മുസാണ്ട, ആവണക്ക്, എരിക്ക്, പയർവർഗങ്ങൾ, പ്ലാശ്, ഉങ്ങ്, ഇലമുളച്ചി, കൂവ, ഇഞ്ചി ഇവയെക്കെ പൂമ്പാറ്റകൾക്ക് വസിക്കാൻ പറ്റുന്ന സസ്യങ്ങളാണ്. ചെമ്പരത്തി, മന്ദാരം, രാജമല്ലി, തെറ്റി, മുസാണ്ട, കൃഷ്ണകിരീടം, അരിപ്പൂച്ചെടി, സൂര്യകാന്തി, സീനിയ, പെരുവല്ലം, പൂവാങ്കുരുന്നില, മുക്കുറ്റി, കമ്മൽപൂവ്, തുമ്പ , തൊട്ടാവാടി, വാടാമുല്ല, കാട്ടിഞ്ചി, ശംഖുപുഷ്പം ഇവയൊക്കെ പൂമ്പാറ്റകൾക്ക് തേനുണ്ണാൻ കഴിയുന്ന ചെടികളാണ്. ഇവയൊക്കെ വേണം. എല്ലാം വയ്ക്കാൻ കഴിഞ്ഞു എന്നു വരില്ല. കഴിയുന്നിടത്തോളം ഉണ്ടാവണം. ഔഷധച്ചെടികളും വയ്ക്കണം.

സ്കൂൾവളപ്പിൽ കഴിയാവുന്നിടത്തോളം വലിയ മരങ്ങളും വേണം. എല്ലാത്തരത്തിലുമുള്ള വൃക്ഷങ്ങൾ വേണം. ചില മരങ്ങൾ

മാതൃകാപ്രവർത്തനം

## വൃക്ഷങ്ങൾക്ക് ചികിത്സയുണ്ടോ?

മുറിവേറ്റ മരങ്ങൾക്ക് ചികിത്സയുണ്ടോ? എങ്ങനെയാണ് മരങ്ങൾക്ക് മുറിവേൽക്കുന്നത്?. കുട്ടികൾ വഴിയരികിലെ മരങ്ങളെ നിരീക്ഷിക്കുക. അവയിൽ പരസ്യപ്പലകകൾ ആണി തറച്ച് ഉറപ്പിച്ചിരിക്കുന്നു. ഇത്തരത്തിൽ മരത്തിൽ ആണി തറയ്ക്കുന്നത് തടഞ്ഞ്കൊണ്ട് കേരള ഹൈക്കോടതിയുടെ ഉത്തരവ് ഉണ്ട്. ആലപ്പുഴ നഗരത്തിലെ കനാലിന്റെ ഇരുവശത്തുമുള്ള അമ്പതിലധികം വൃക്ഷത്തിലെ ആണികൾ പരിസ്ഥിതി പ്രവർത്തകനും അധ്യാപകനുമായ കെ.ബിനുവിന്റെ നേതൃത്വത്തിൽ പറിച്ച് മാറ്റി. പത്ത് കിലോയോളം ആണികളാണ് ഇങ്ങനെ എടുത്ത് മാറ്റിയത്. ഇത്തരത്തിൽ മുറിവ് പറ്റുന്ന വൃക്ഷങ്ങൾക്ക് വൃക്ഷായുർവേദത്തിൽ ചികിത്സയും നിർദ്ദേശിക്കുന്നുണ്ട്. ബിനുവും വിദ്യാർത്ഥികളും ചേർന്ന് നിരവധി വൃക്ഷങ്ങളിലെ ചെറുതും വലുതുമായ മുറിവുകൾ മരുന്ന് പുരട്ടി സുഖപ്പെടുത്തുന്നു.



ഓണക്കാലത്താണ് പൂക്കുക, ചിലത് മഞ്ഞുകാലത്ത്, ഏറെയും വേനൽക്കാലത്തും. അപ്പോൾ എല്ലാക്കാലത്തും വിദ്യാലയ പരിസരം പൂക്കൾകൊണ്ട് നിറയും. മരങ്ങൾ ഉണ്ടെങ്കിൽ പക്ഷികൾ വരും. അവയെ വരവേൽക്കണം. അവയ്ക്ക് വെള്ളം കുടിക്കണം. അതിനുള്ള സൗകര്യം ഒരുക്കണം. പരന്ന പാത്രത്തിലോ ചട്ടികളിലോ വെള്ളം നിറച്ച് വൃക്ഷക്കൊമ്പുകളിലോ മറ്റോ വെക്കാം. ഫലവൃക്ഷങ്ങൾ ഉണ്ടെങ്കിൽ അണ്ണാറക്കണ്ണൻ മുതൽ പലതരം ജീവികൾ വരും.

മരങ്ങളിൽനിന്ന് ധാരാളം കരിയിലകൾ ഉതിർന്നുവീഴാൻ സാധ്യതയുണ്ട്. പലയിടങ്ങളിലും അടിച്ചുകൂട്ടി കത്തിക്കാറുണ്ട്. അതൊഴിവാക്കി, കരിയിലകൾ മരങ്ങളുടെ ചുവട്ടിൽ പുതയിടുക. അത് നല്ലൊരു ജലസംരക്ഷണ മാർഗമാണ്. ഉണങ്ങിയ കരിയിലകൾ സ്പോഞ്ച് പോലെ വെള്ളം വലിച്ചെടുക്കും, മണ്ണിനെ ജലസമ്പന്നമാക്കും. ചെറുപ്രാണികൾ പുഴുക്കൾ, ഒക്ക അവിടെ വന്നേക്കാം. നേരിട്ടു നമ്മെ ഉപദ്രവിക്കാത്ത കാലത്തോളം അവയും വിദ്യാലയവളപ്പിൽ കഴിയട്ടെ.

### വെള്ളം

വെള്ളത്തിന്റെ കാര്യം വിട്ടുകളയരുത്. വിവിധ ആവശ്യങ്ങൾക്ക് മതിയായ വെള്ളം എപ്പോഴും ലഭ്യമാകണം. ഓരോ ഉപയോഗത്തിനും ആവശ്യമായ വെള്ളമാണ് സംഭരിക്കേണ്ടത്. കുടിവെള്ളം പാത്രം കഴുകുന്നതിനോ കൈകഴുകുന്നതിനോ ടോയ്ലറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കരുത്. അത്തരം ആവശ്യങ്ങൾക്കുള്ള വെള്ളം കുടിവെള്ളം പോലെ ശുദ്ധീകരിക്കേണ്ടതില്ല. അങ്ങനെ ചെയ്യുന്നത് പാഴ്ച്ചെലവായിരിക്കും. ഓരോ ആവശ്യത്തിനുമുള്ള ജലസ്രോതസ്സുകൾ വിദ്യാലയ പിരസരത്ത് ഉറപ്പുവരുത്തണം.



അവ ശുചിയായി സൂക്ഷിക്കുകയും വേണം.

## ടോയ്‌ലറ്റുകൾ

കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്‌ലെറ്റുകൾ വേണം. പെൺകുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക ടോയ്‌ലെറ്റുകൾ നിർബന്ധമായും ഉണ്ടായിരിക്കണം. എല്ലാ ടോയ്‌ലെറ്റുകളും വൃത്തിയായിരിക്കണം. ആര് വൃത്തിയാക്കും ഇവയൊക്കെ?. കുട്ടികളും അധ്യാപകരും ചേർന്ന് വൃത്തിയാക്കണം. അധ്യാപകർക്കും വിദ്യാർഥികൾക്കും വെവ്വേറെ ടോയ്‌ലെറ്റുകൾ വേണ്ട. ഒരേ ടോയ്‌ലെറ്റുകൾ തന്നെ ഇരുകൂട്ടരും ഉപയോഗിക്കട്ടെ. അപ്പോൾ തീർച്ചയായും എല്ലാ ടോയ്‌ലെറ്റുകളും വൃത്തിയാകും.

## വാഹനങ്ങൾ

കുട്ടികൾ സ്കൂളിലേക്ക് വരുന്നതെങ്ങനെയാണ്. മോട്ടോർ വാഹനങ്ങൾ അത്യാവശ്യം ആണെങ്കിൽ മാത്രമേ ഉപയോഗിക്കാവൂ. നടന്ന് വരുന്നതാണ് ഉത്തമം. സൈക്കിളിൽ

**വൃത്തി തന്നെ ശക്തി**

**മാതൃകാപ്രവർത്തനം**

## ഉച്ചയൂണിന് എന്റെ പങ്കും

**ജൈ**വ പച്ചക്കറി കൃഷി എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കി വരികയാണല്ലോ. പരിസര പഠനം, ഗണിതം എന്നീ പാഠ്യവിഷയങ്ങളുമായി ബന്ധപ്പെടുത്തി നെൽകൃഷിയും പച്ചക്കറികൃഷിയും ചിട്ടപ്പെടുത്തുക. പച്ചക്കറികൃഷി വിപുലീകരിക്കുകയും അത് അവരവരുടെ ഉച്ച ഭക്ഷണത്തിന്റെ ഭാഗമാക്കാനുള്ള ശ്രമം നടപ്പിലാക്കുക. ഫാസ്റ്റ് ഫുഡ് ഒഴിവാക്കി നാടൻ രീതിയിലുള്ള ഭക്ഷണരീതി പ്രോത്സാഹിപ്പിക്കാം. കപ്പ, ചേമ്പ്, കാച്ചിൽ എന്നിവ കൃഷി ചെയ്ത് അവയിൽ നിന്ന് വരുമാനവും ഒപ്പം നാടൻ പുഴുക്കുകളുടെ പ്രദർശനവും നടത്താം. കറിവേപ്പില, പൊതിന, മല്ലിയില ഇവയിലാണ് കീടനാശിനി കൂടതലായി തളിക്കുന്നത്. വിഷമില്ലാതെ ഇവ വിദ്യാലയത്തിൽ ഉൽപ്പാദിപ്പിച്ച് ആരോഗ്യം സംരക്ഷിക്കാം.





വരുന്നതും പ്രോത്സാഹിപ്പിക്കണം. കൂടുതൽ കുട്ടികൾ സൈക്കിളിൽ വരുന്നത് വിദ്യാലയത്തിന് ഒരു അംഗീകാരമായി കാണണം. മോട്ടോർ വാഹനം വേണ്ട എന്ന് പറഞ്ഞത് മലിനീകരണം ഒഴിവാക്കാനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വേണ്ടിയാണ്. വൈദ്യുതിയായി സോളാർ ഊർജം ഉപയോഗിക്കാൻ കഴിയുമോ?. ഇലക്ട്രിക് ബൾബുകൾക്കും സി.എഫ്.ലാമ്പിനും പകരം എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗിക്കേണ്ടതല്ലേ? വൈദ്യുതി കുറച്ച് ഉപയോഗിക്കുക. മലിനീകരണം സൃഷ്ടിക്കാത്ത വെളിച്ചം ഉപയോഗിക്കുക.

## ഉച്ചഭക്ഷണം

ഉച്ചഭക്ഷണവും ശ്രദ്ധിക്കണം. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം വേണം. സ്കൂൾ മുറ്റത്ത് പച്ചക്കറി കൃഷി സാധ്യമല്ലേ? ആവശ്യമായവ മുഴുവൻ ഉത്പാദിപ്പിക്കാൻ കഴിഞ്ഞെന്നു വരില്ല. പക്ഷേ കഴിയുന്നിടത്തോളം ഉത്പാദിപ്പിക്കാം. ഉച്ചഭക്ഷണത്തിൽ എത്ര ഭാഗം സ്വന്തം ഉത്പന്നമാണ് എന്നത് ഹരിതവിദ്യാലയത്തിന്റെ ഒരു സൂചികയാണ്.

**സൂര്യനാണ് അനന്തമായ ഊർജദായകൻ**

## ഇതിനെല്ലാം സമയം കിട്ടുമോ?

പാഠപുസ്തകത്തിൽ നിന്ന് വേറിട്ട പ്രവർത്തനമായല്ല ഇവയെ കാണേണ്ടത്. ഉദാഹരണമായി പച്ചക്കറികൃഷിയുടെ കാര്യമെടുക്കാം. ഇത് ഒരു പഠനപ്രവർത്തനമാണ്. മണ്ണിന്റെ സ്വഭാവം, വിത്തുമുളയ്ക്കുന്നതിന്റെ വിവിധ വശങ്ങൾ, വ്യത്യസ്ത കൃഷിരീതികൾ, അളവുകളും തൂക്കങ്ങളും, ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ഭക്ഷ്യശൃംഖല, പക്ഷികളുടെ സവിശേഷതകൾ, പരാഗണം, വിത്തുവിതരണം, കവിതകൾ, കഥകൾ, ഗണിതം ഇവയൊക്കെ പഠിക്കാൻ പച്ചക്കറികൃഷിയെ ഒരു പഠന പ്രവർത്തനമായി ഉപയോഗപ്പെടുത്താം. ഹരിതോത്സവത്തിലെ മറ്റ് പ്രവർത്തനങ്ങളും ഇവ്വിധത്തിൽ ഉപയോഗപ്പെടുത്തണം. അത്തരം സന്ദർഭങ്ങൾ പാഠപുസ്തകങ്ങളിൽ നിന്ന് കണ്ടെടുക്കണം. അധ്യാപകരുടെ ടീച്ചിങ് മാനുവലിൽ ഈ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുകയും വേണം. അങ്ങനെ പഠനപ്രവർത്തനങ്ങൾ തന്നെ ഹരിതവിദ്യാലയത്തിന്റെ രൂപപ്പെടലിലേക്ക് നയിക്കും. ഹരിതവിദ്യാലയം മെച്ചപ്പെട്ട പഠനത്തിനും സഹായകമാകും.




# കൈപ്പുസ്തകം
## എങ്ങനെ ഉപയോഗിക്കണം

ഹരിതോത്സവ പ്രവർത്തനങ്ങളുടെ ഒരു പൊതുരൂപരേഖ മാത്രമാണ് ഈ പുസ്തകം. പത്ത് ദിവസമായി നടത്തുന്ന ഉത്സവങ്ങളുമായി കോർത്തിണക്കി പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. ഉത്സവദിനങ്ങളിൽ നടപ്പാക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ ഇതിൽ നിർദേശിച്ചിട്ടുണ്ട്. അവയെല്ലാം എല്ലാ സ്കൂളുകളിലും സാധ്യമാവണമെന്നില്ല. ഓരോ ഉത്സവത്തിനും തങ്ങളുടെ വിദ്യാലയത്തിൽ ചെയ്യാവുന്ന പ്രവർത്തന പരിപാടി തെരഞ്ഞെടുക്കണം. അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കാം.

ഓരോ ദിനാഘോഷവും അതാത് ദിനത്തിൽ ഒതുക്കി നിർത്തണമെന്നില്ല. തീർച്ചയായും അതിന് മുന്നൊരുക്കങ്ങൾ വേണം. വിവരശേഖരണം, രചനകൾ തയ്യാറാക്കൽ, മറ്റ് റഫറൻസുകൾ പരിശോധിക്കൽ എന്നിവയൊക്കെ മുൻകൂട്ടി തുടങ്ങാം. അത്തരം പ്രവർത്തനങ്ങളുടെ ക്ലാസ്തല / സ്കൂൾതല സമാപനമായിട്ടാണ് ഉത്സവദിനം മാറേണ്ടത്.

ഹരിതോത്സവത്തിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് രണ്ട് തലങ്ങൾ ഉണ്ട്. ചില പ്രവർത്തനങ്ങൾ സ്കൂളിലെ മുഴുവൻ



കുട്ടികളും അധ്യാപകരും ചേർന്ന് ചെയ്യാൻ പറ്റുന്നതാകും. എന്നാൽ ഓരോ ക്ലാസിലും അതത് സമയത്ത് പഠിക്കുന്ന പാഠഭാഗത്തോട് ബന്ധപ്പെടുത്തി പഠനപ്രവർത്തനമായി നടത്താൻ കഴിയുന്ന പ്രവർത്തനങ്ങളും ഉണ്ടാകും. ക്ലാസ് മുറിക്കുള്ളിലെ പ്രവർത്തനങ്ങൾ പഠനനേട്ടങ്ങൾ ലക്ഷ്യമിട്ടാവണം. പൊതുവായ പ്രവർത്തനങ്ങൾ ക്ലാസ് മുറി പ്രവർത്തനത്തെ തടസ്സപ്പെടുത്താത്തവയാവുകയും വേണം. നിർദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ കൂടുതലും രണ്ടാംവിഭാഗത്തിൽ പെടുന്നവയാണ്. ഓരോ പ്രവർത്തനത്തിനും എല്ലാക്ലാസ്സിലും കൃത്യമായ പഠനനേട്ടങ്ങൾ കണ്ടെത്താൻ കഴിഞ്ഞു എന്നുവരില്ല. എന്നാൽ അത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച പൊതുധാരണകൾ കുട്ടികൾക്ക് കിട്ടേണ്ടതുണ്ട്.

ഓരോ പ്രവർത്തനവും ചെയ്യുന്നതിലൂടെ കുട്ടികൾക്ക് ലഭിക്കേണ്ട അറിവ്, നൈപുണി എന്നിവയുടെ പൊതുസൂചനകളും പ്രവർത്തനങ്ങൾക്കൊപ്പം കൊടുത്തിട്ടുണ്ട്. പാഠപുസ്തകങ്ങളും ടീച്ചർ ടെക്സ്റ്റും ഉപയോഗിച്ച് ക്ലാസിലെ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കാവുന്ന പ്രവർത്തനങ്ങൾ നന്നായി ഉപയോഗപ്പെടുത്തണം. പഠനനേട്ടങ്ങൾ കണ്ടെത്തി അതിനനുസരിച്ചുള്ള ക്ലാസ്മുറി പ്രവർത്തനങ്ങൾ രൂപപ്പെടുത്തി ടീച്ചിങ് മാന്വലിൽ ഉൾപ്പെടുത്തണം. ഉദാഹരണമായി ഒന്നാം ഉത്സവമായ ലോകപരിസ്ഥിതി ദിനത്തിലെ 'സ്കൂളിലും വീട്ടിലും മരങ്ങൾ നടുന്നു' എന്ന പ്രവർത്തനം എടുക്കുക. ഇത് മൂന്നാം ക്ലാസിലെ പരിസരപഠനത്തിലെ ഒന്നാമത്തെ യൂണിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനമാണ്. അതിലെ പഠനനേട്ടങ്ങൾ താഴെപ്പറയുന്നു.

1. ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പേരുകൾ രേഖപ്പെടുത്തുവാൻ കഴിയുന്നു.
2. സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തി തരംതിരിക്കാൻ കഴിയുന്നു.
3. ആകൃതിയിലും വലിപ്പത്തിലും നിറത്തിലും മണത്തിലും പൂക്കൾ വൈവിധ്യം നിറഞ്ഞതാണെന്ന് തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.
4. വിത്ത് മുളയ്ക്കുന്നതിന്റെ ഘട്ടങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്താൻ കഴിയുന്നു.

ഇവയൊക്കെ ഈ യൂണിറ്റിലെ പഠനനേട്ടങ്ങളാണ്. കുട്ടികൾ മരം നടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ യാന്ത്രികമായി മരങ്ങൾ നട്ട് പിടിപ്പിക്കുക മാത്രമല്ല ചെയ്യേണ്ടത്. ലഭിക്കുന്ന തൈകളെ പഠന ഉപകരണങ്ങളാക്കിക്കൊണ്ട് മേൽപ്പറഞ്ഞ പഠനനേട്ടങ്ങൾ ലഭിക്കാനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യണം. മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ ലഭിക്കേണ്ട പഠനനേട്ടങ്ങൾ ഓരോ ക്ലാസിലും വ്യത്യസ്തങ്ങളാണ്. അവ കണ്ടെത്തി അതിനനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കേണ്ടത്.

അതുപോലെ സ്കൂളിലും വീട്ടിലും മഴക്കുഴികൾ ഉണ്ടാക്കുന്നു എന്ന പ്രവർത്തനമെടുക്കുക. മൂന്നാം ക്ലാസിലെ തന്നെ മൂന്നാമത്തെ യൂണിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനമാണിത്. ആ യൂണിറ്റിന്റെ പഠനനേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

1. പരിസരത്തുള്ള ജലസ്രോതസ്സുകൾ കണ്ടെത്തി പറയാൻ കഴിയുന്നു.





2. മഴയ്ക്കുശേഷം ഭൂമിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്താൻ കഴിയുന്നു.

3. ജലക്ഷാമം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.

4. മഴക്കുഴികൾ ഉണ്ടാക്കുന്നതുമൂലം പ്രകൃതിയുടെ വരദാനമായ ജലം അമൂല്യമാണെന്ന് തിരിച്ചറിഞ്ഞ് ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

അപ്പോൾ മഴക്കുഴികൾ ഉണ്ടാക്കുന്നത്, ഈ പഠനനേട്ടങ്ങൾക്കായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വേണം. അതായത് ഹരിതോത്സവപ്രവർത്തനങ്ങൾ ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾ തന്നെയാണ്. പഠനത്തിൽ നിന്ന് വേറിട്ടതല്ല. ഇത്തരത്തിൽ ഓരോ പ്രവർത്തനവും അതാതിന്റെ പഠനനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണ് വേണ്ടത്.

മേൽപ്പറഞ്ഞ പത്ത് ദിനാചരണങ്ങൾ ഓരോന്നും പ്രത്യേകമായുള്ള പരിപാടികളായല്ല വിദ്യാലയത്തിൽ നടപ്പാക്കേണ്ടത്. കാരണം ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പഠന നേട്ടങ്ങൾ അടങ്ങിയ യൂണിറ്റുകൾ കൃത്യമായും അതേ ദിനത്തിൽ തന്നെ പഠിച്ച് കൊള്ളണമെന്നില്ല. അതുപോലെ ഓരോ ദിനാചരണവുമായും ബന്ധപ്പെട്ട് പഠന പ്രവർത്തനങ്ങൾ ഒരു ദിവസം കൊണ്ട് പൂർത്തിയാകുന്നതുമല്ല. അതുകൊണ്ട് ദിനാചരണങ്ങൾക്ക് തുടർച്ചയുണ്ടാകണം. ജൂൺ 5 ന്റെ ലോക പരിസ്ഥിതി ദിനം മുതൽ ജൂലൈ 28 ന്റെ ലോക പ്രകൃതിസംരക്ഷണ ദിനം വരെയുള്ള പ്രവർത്തനങ്ങളെ ഒറ്റ ശൃംഖലയായി കാണണം. ഇതിനിടയിൽ ജൂൺ 17ന്റെ മരുവത്കരണ വിരുദ്ധദിനവും, ജൂലൈ 1 ന്റെ ഡോക്ടർ ദിനവും കൂടി ഉൾപ്പെട്ടിരിക്കുന്നു. സസ്യങ്ങൾ നട്ടുപിടിപ്പിക്കുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, ജല ഓഡിറ്റ് നടത്തുക, കടൽ-തീരദേശ-കായൽ പരിസ്ഥിതിയെക്കുറിച്ച് മനസ്സിലാക്കുക, ഇത്തരം മേഖലകളിലെ പ്രകൃതിക്ഷോഭങ്ങൾ എന്തുകൊണ്ട് എന്ന് പഠിക്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഇതിനിടയിൽ വരും. മുമ്പേ കടന്ന് പോയ യൂണിറ്റുകളും പഠനനേട്ടങ്ങളുമാണെങ്കിൽ അവ സംബന്ധിച്ച പ്രോജക്ട് അവതരണം, വിലയിരുത്തൽ എന്നിവ ദിനാചരണത്തിന്റെ ഭാഗമായി നടത്താം. വരാനിരിക്കുന്ന യൂണിറ്റുകളോ പഠനനേട്ടങ്ങളോ ആണെങ്കിൽ അവയുടെ പ്രവർത്തനം ദിനാചരണത്തിൽ തുടങ്ങുകയും ഉചിതമായ ദിവസം പൂർത്തിയാക്കുകയുമാണ് വേണ്ടത്. ദിനാചരണങ്ങൾ വിദ്യാലയത്തിൽ പൊതുവിൽ നടക്കേണ്ട പ്രവർത്തനമല്ല. പകരം ഓരോ ക്ലാസ്സിനും അനുയോജ്യമായ വിഷയങ്ങളുമായി ബന്ധിപ്പിച്ചാണ് നടത്തേണ്ടത്. സ്കൂളിന് പൊതുവായി നൽകേണ്ട പ്രഭാഷണങ്ങളോ സന്ദേശങ്ങളോ ഉണ്ടെങ്കിൽ അവ പ്രഭാത അസംബ്ലിയിൽ നിർവ്വഹിക്കേണ്ടതാണ്.

ആഗസ്റ്റ് 9 ന്റെ പുനരുപയോഗദിനം മുതൽ സെപ്റ്റംബർ 16 ന്റെ ഓസോൺ ദിനം വരെയുള്ള പ്രവർത്തനങ്ങളാണ് രണ്ടാമത്തെ ശൃംഖലയിൽ വരുന്നത്. ഇതിനിടയിൽ ഓഗസ്റ്റ് 29 ന്റെ ദേശീയ കായിക ദിനവും വരും. മാലിന്യം



| | |
|---|---|
| **ശൃംഖല 1 -** | **ജൂൺ 5 ന്റെ ലോക പരിസ്ഥിതി ദിനം മുതൽ**<br>**ജൂലൈ 28 ന്റെ ലോക പ്രകൃതി സംരക്ഷണ ദിനം വരെ** |
| **ശൃഖംല 2 -** | **ആഗസ്റ്റ് 9 ന്റെ പുനരുപയോഗ ദിനം മുതൽ**<br>**സെപ്തംബർ 16 ന്റെ ഓസോൺ ദിനം വരെ** |
| **ശൃംഖല 3 -** | **ഒക്ടോബർ 2 ന്റെ ഗന്ധിജയന്തി മുതൽ**<br>**നവംബർ 17 ന്റെ വിദ്യാർത്ഥി ദിനം വരെ** |

സമ്പത്ത്, മാലിന്യം കൃഷിക്ക് എന്ന സങ്കൽപ്പം, ആരോഗ്യത്തിന് ശുദ്ധവായു, പ്ലാസ്റ്റിക്ക് രഹിത വിദ്യാലയം, പ്ലാസ്റ്റിക്കിന്റെ അപകടങ്ങൾ, രാസമാലിന്യങ്ങൾ, ചപ്പുചവറുകൾ വ്യാപകമായി കത്തിക്കരുത് എന്നിവയൊക്കെ ഈ ശൃംഖലയിൽ ചർച്ച ചെയ്യാം. ഇവയുമായി ബന്ധപ്പെട്ട പഠന നേട്ടങ്ങൾ അദ്ധ്യാപക പരിശീലനത്തിൽ വച്ച് തന്നെ കണ്ടെത്തേണ്ടതുണ്ട്. മൂന്നാം ശൃംഖലയിൽ ഓക്ടോബർ 2 ന്റെ ഗാന്ധിജയന്തി മുതൽ നവംബർ 17 ന്റെ സാർവ്വദേശീയ വിദ്യാർത്ഥിദിനം വരെയാണ്. ഇതിനിടയിൽ ഒക്ടോബർ 16 ന്റെ ലോക ഭക്ഷ്യദിനം വരും. ചിലപ്പോൾ ആദ്യശൃഖലയിൽ തുടങ്ങുന്ന ചില പ്രവർത്തനങ്ങൾ-കൃഷിപോലെയുള്ളവ-മൂന്നാം ശൃംഖലയിലെ ഭക്ഷ്യദിനത്തിലാവും അവസാനിക്കുന്നത്. അത്തരം പ്രവർത്തനങ്ങൾ ദീർഘമായ പ്രോജക്ട് പ്രവർത്തനങ്ങളായി ചെയ്യാം. എന്നാൽ പരമാവധി അതാത് ടേമിനുള്ളിൽ പൂർത്തിയാകുന്നവയായിരിക്കും ഉചിതം.

മൂന്നാമത്തെ ശൃഖലയിൽ നാമോരോരുത്തരും ഓരോ ഗാന്ധിയാണ് എന്ന സങ്കൽപ്പം അവതരിപ്പിക്കണം. സ്വയംപര്യാപ്തത, ഗ്രാമസ്വരാജ്, തൊഴിലിന്റെ മഹത്വം, ലളിത ജീവിതം, അഹിംസ ഇവയൊക്കെ ഇതിൽ പറയണം. ജൈവവൈവിധ്യ ഉദ്യാനത്തിന്റെ കാര്യത്തിൽ ചെയ്തത്പോലെ ഇവയുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങളും ടീച്ചേഴ്സ് ടെക്സ്റ്റിൽ നിന്ന് വേർതിരിച്ച് എടുക്കേണ്ടതാണ്.

ഈ പുസ്തകത്തിന് ആറ് അനുബന്ധങ്ങളുണ്ട്. കേരളസർക്കാർ പുറപ്പെടുവിച്ച ഹരിതനിയമാവലിയാണ്..ആദ്യത്തേത്. വിദ്യാലയത്തിൽ പ്രദർശിപ്പിക്കാനുള്ളതാണ് അത്. രണ്ടും മൂന്നും അനുബന്ധങ്ങൾ ജല ഓഡിറ്റ് നടത്താനുള്ള രൂപരേഖകളാണ്. രണ്ടാമത്തെ അനുബന്ധം ഉപയോഗിച്ച് പ്രാഥമിക ഓഡിറ്റ് നടത്താം. തുടർന്നുള്ള ഓഡിറ്റുകളിൽ മൂന്നാം അനുബന്ധം ഉപയോഗിക്കണം. ഓരോ തവണയും തൊട്ടു മുൻപുള്ള ഓഡിറ്റ് റിപ്പോർട്ടിൽ കണ്ട പോരായ്മകൾ പരിഹരിക്കണം. രൂപരേഖയിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്താം. ആവശ്യമില്ലാത്തവ ഒഴിവാക്കുകയുമാവാം. നാലാം അനുബന്ധം വിദ്യാലയത്തിന്റെ ഹരിതവത്കരണം എത്രത്തോളമായി എന്ന് പരിശോധിക്കാനുള്ള ഉപാധിയാണ്. ഇതുപയോഗിച്ച് ഓരോ ഘട്ടത്തിലും ആവശ്യമായ വിലയിരുത്തൽ നടത്തണം. അഞ്ചാം അനുബന്ധം ജൈവവൈവിധ്യരജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള മാതൃകയാണ്. ഹരിതോത്സവ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ രേഖപ്പെടുത്താനുള്ളതാണ് ആറാമത്തെ അനുബന്ധം.

പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ക്ലാസ് തലത്തിലോ സ്കൂൾ തലത്തിലോ തയ്യാറാക്കുമ്പോൾ കുട്ടികളുടെ പ്രായത്തിന് അനുസൃതമായി തയ്യാറാക്കാൻ നിർദേശിക്കണം. അവർക്ക് ആസ്വദിച്ച് ചെയ്യാൻ കഴിയണം. ഹരിതോത്സവം കുട്ടികൾക്ക് ഒരിക്കലും ഭാരമാകരുത്.

ഓരോ പ്രവർത്തനവും നന്നായി ഡോക്യുമെന്റ് ചെയ്യണം. അവയുടെ റിപ്പോർട്ടുകൾ എഴുതി സൂക്ഷിക്കണം. പ്രവർത്തനങ്ങൾ പൂർത്തിയായി കഴിയുമ്പോൾ ഹരിതോത്സവത്തിന്റെ സ്കൂൾതല റിപ്പോർട്ട് തയ്യാറാക്കണം. അതിൽ നടന്ന പ്രവർത്തനങ്ങൾ, അവയുടെ വിശദാംശങ്ങൾ ഫോട്ടോകൾ, വിലയിരുത്തലുകൾ, വിദ്യാലയം എത്രമാത്രം ഹരിതമായി എന്നൊക്കെ രേഖപ്പെടുത്തണം. ഏറ്റവും മികച്ച പ്രവർത്തനങ്ങൾ നടത്തിയ വിദ്യാലയങ്ങൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഹരിത കേരളം മിഷൻ പുരസ്കാരങ്ങൾ നൽകുന്നതാണ്.




# ഹരിത ഓഡിറ്റിങ് തുടങ്ങാം

ഹരിതോത്സവപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കി തിരിക്കണം. ആകെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാവണം മുഴുവൻ കുട്ടികളെയും വിവിധപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണോ എന്ന് തീരുമാനിക്കേണ്ടത്. മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തുക പ്രയാസമാണെങ്കിൽ ഹരിത, ഇക്കോ, ഹെൽത്ത് തുടങ്ങിയ ക്ലബ്ബുകളിലെ കുട്ടികൾ മാത്രം മതിയാകും. ഓരോ ഗ്രൂപ്പിലും അധ്യാപകർ ഉണ്ടായിരിക്കണം.

ഗ്രൂപ്പുകൾ ചെയ്യേണ്ട ജോലികൾ ആദ്യം തന്നെ തീരുമാനിക്കണം. ഉദാഹരണമായി വേസ്റ്റ് ഓഡിറ്റേഴ്സിന്റെ ജോലി വിദ്യാലയത്തിൽ എത്ര മാലിന്യം ഉണ്ടാകുന്നു, ആരാണ് മാലിന്യം ഉത്പാദിപ്പിക്കുന്നത്, അത് ഒഴിവാക്കാൻ എന്തൊക്കെ ചെയ്യാം എന്ന് നിരീക്ഷിച്ച് റിപ്പോർട്ട് തയ്യാറാക്കലാണ്. ഇതുപോലെ വാട്ടർ ഓഡിറ്റേഴ്സ് ചെയ്യേണ്ടത് ആവശ്യത്തിന് ജലം ലഭ്യമാണോ, ജലം ഉപയോഗിക്കുന്നത് മിതമായിട്ടാണോ, ജലം പാഴാക്കുന്നുണ്ടോ? ആരാണ് പാഴാക്കുന്നത്? എന്നൊക്കെ മനസ്സിലാക്കി റിപ്പോർട്ട് ചെയ്യലാണ്. ടോയ്‌ലറ്റ് മോണിറ്റേഴ്സാണെങ്കിൽ ടോയ്‌ലെറ്റിന്റെ വൃത്തി, ജലലഭ്യത, സുരക്ഷിതമാണോ, അടച്ചുറപ്പുണ്ടോ, പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് ഉണ്ടോ? എന്നിവയൊക്കെ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കണം.

ഇതുപോലെ വിവിധ പ്രവർത്തനഗ്രൂപ്പുകൾ മാസംതോറും തയാറാക്കുന്ന റിപ്പോർട്ടുകൾ അസംബ്ലിയിൽ അവതരിപ്പിക്കണം. മറ്റ് കുട്ടികൾക്ക് റിപ്പോർട്ടിനോട് പ്രതികരിക്കാം. അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പോരായ്മകൾ പരിഹരിക്കാനുള്ള നിർദേശം അസംബ്ലിയിൽനിന്ന് വരണം. ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് അതാത് കാര്യങ്ങളുടെ മെച്ചപ്പെടുത്തലിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാമെന്ന് ആലോചിച്ച് അവ നടപ്പാക്കുകയും വേണം.






# ഹരിതോത്സവം


ഒന്നാം ഉത്സവം ..............27
രണ്ടാം ഉത്സവം ..............29
മൂന്നാം ഉത്സവം .............31
നാലാം ഉത്സവം .............33
അഞ്ചാം ഉത്സവം ...........34
ആറാം ഉത്സവം .............35
ഏഴാം ഉത്സവം .............36
എട്ടാം ഉത്സവം ..............37
ഒൻപതാം ഉത്സവം .........38
പത്താം ഉത്സവം............39
അനുബന്ധം .................41



# ഒന്നാം ഉത്സവം

## ലോക പരിസ്ഥിതിദിനം

## ജൂൺ 5

1972 ൽ സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ ചേർന്ന ലോക പരിസ്ഥിതി സമ്മേളനമാണ് ജൂൺ 5 പരിസ്ഥിതിദിനമായി പ്രഖ്യാപിച്ചത്. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗമായ United Nations Environmental Programme (UNEP) പരിസ്ഥിതി ദിനാചരണത്തിന് നേതൃത്വം നൽകുന്നു. മനുഷ്യരുൾപ്പെടെ കോടിക്കണക്കിനു വരുന്ന ജീവജാലങ്ങൾക്കും ജീവിക്കാൻ ഒരൊറ്റ ഭൂമിയേയുള്ളൂ എന്ന് ഈ ദിനം നമ്മെ ഓർമിപ്പിക്കുന്നു. ആഗോളതാപനം, മലിനീകരണം, മരുവൽക്കരണം, ജനസംഖ്യാപ്രശ്നം, വനനാശം, നഗരവത്ക്കരണത്തിന്റെ അപകടങ്ങൾ തുടങ്ങിയവ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ചർച്ചചെയ്യപ്പെടാറുണ്ട്. ജീവജാലങ്ങൾക്ക് ആരോഗ്യത്തോടെ നിലനിൽക്കാൻ ഒരു ഹരിതഭൂമി കൂടിയേ തീരൂ. ഭൂമിയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ മനുഷ്യരുടെ ഭാഗത്തുനിന്നാണ് ഉണ്ടാകുന്നത്. ഇതിനെ തടയുന്നതിനുള്ള പ്രവർത്തനങ്ങളാണ് നാം ആലോചിക്കേണ്ടത്. 'പ്ലാസ്റ്റിക് മാലിന്യത്തെ തുരത്തുക' (Beat Plastic Pollution) എന്നതണ് 2018 ലെ പരിസ്ഥിതിദിന സന്ദേശം.





## പ്രവർത്തനം 1
## മരങ്ങൾനട്ട് സംരക്ഷിക്കുക

ഓരോ സ്കൂളിന്റെയും ചുറ്റുപാടുകൾക്ക് അനുയോജ്യമായ മരങ്ങൾ തിരഞ്ഞെടുത്ത് വേണം നടാൻ. മരങ്ങളുടെ വൈവിധ്യം ഉറപ്പുവരുത്തണം, ഒപ്പം സംരക്ഷണവും. മരങ്ങൾ നട്ടുപിടിപ്പുക്കുന്നതുകൊണ്ട് നിരവധി പ്രയോജനങ്ങളുണ്ട്. ഒന്നാമതായി മരങ്ങൾ അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് വാതകം ഉപയോഗപ്പെടുത്തുന്നു. ഈ കഴിവുള്ളതുകൊണ്ടാണ് ആഗോളതാപനത്തെ തടയാനായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത്. ഇതുപോലെ പാഠപുസ്തകത്തിൽ വൃക്ഷങ്ങളെക്കുറിച്ച് പഠിക്കാനുള്ള നിരവധി സന്ദർഭങ്ങൾ ഉണ്ടല്ലോ? അവയ്ക്കുള്ള പഠനപ്രവർത്തനവുമാണിത്.

## ഗുണഫലങ്ങൾ

ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പേരുകൾ രേഖപ്പെടുത്തുന്നു. സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തി തരംതിരിക്കാൻ കഴിയുന്നു. ആകൃതിയിലും വലിപ്പത്തിലും നിറത്തിലും മണത്തിലും പൂക്കൾ വൈവിധ്യമുള്ളവയാണെന്ന തിരിച്ചറിവ് നേടുന്നു. വിത്ത് മുളയ്ക്കുന്ന ഘട്ടങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്താൻ അവസരം ലഭിക്കുന്നു. വേര്, തണ്ട്, കായ്, ഇല എന്നിവയുടെ ധർമങ്ങൾ തിരിച്ചറിയുന്നു.

## പ്രവർത്തനം 2
## മഴപരിചയം

മഴയാണ് നമ്മുടെ ജലസ്രോതസ്സ്. നമ്മുടെ ജലാശയങ്ങളെല്ലാം നിറയ്ക്കുന്നത് മഴയാണ്. അതുകൊണ്ട് മഴയുടെ സ്വഭാവം, അളവ്, മഴവരുന്ന കാലം ഒക്കെ മനസ്സിലാക്കേണ്ടതുണ്ട്. അതിനായി മഴയെ അടുത്തറിയുന്ന പരിപാടികൾ സംഘടിപ്പിക്കാം. മഴ മാപിനി നിർമിക്കാം. മഴ അളക്കാം. സ്കൂൾ മുറ്റത്ത് പെയ്യുന്ന മഴത്തുള്ളിയുടെ സഞ്ചാരപഥം ചിത്രീകരിക്കാം, മഴ നനയാം.

## ഗുണഫലങ്ങൾ

മഴമാപിനി നിർമിക്കാൻ പരിശീലിക്കുന്നു. പരിസരത്തുള്ള ജലസ്രോതസ്സുകൾ കണ്ടെത്തുന്നു. ജലക്ഷാമം മൂലമുള്ള പ്രശ്നങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.

## പ്രവർത്തനം 3
## മഴവെള്ള സംഭരണം

സാധ്യമാകുമെങ്കിൽ മഴവെള്ളസംഭരണി നിർമിക്കാം. കുട്ടികൾക്ക് അത് പരിചയപ്പെടാനുള്ള അവസരമൊരുക്കാം. കിണർ റീചാർജിങ് സംവിധാനമൊരുക്കാം. നിലംപറ്റി വളരുന്ന പുല്ലുകളും രാമച്ചം പോലെയുള്ള ചെടികളും വെച്ചാൽ മണ്ണൊലിപ്പ് തടയാം.

**പരിസ്ഥിതിദിന ആശംസാകാർഡുകൾ നിർമിച്ച് കൈമാറുക.**

## ഗുണഫലങ്ങൾ

ജലം അമൂല്യമാണെന്ന് തിരിച്ചറിഞ്ഞ് ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് ഉണ്ടാകുന്നു. ജലപുനരുപയോഗത്തിന്റെ സാധ്യതകൾ തിരിച്ചറിയുന്നു.

## പ്രവർത്തനം 4
## ജൈവവൈവിധ്യഉദ്യാനവും ജൈവവൈവിധ്യ രജിസ്റ്ററും

വിദ്യാലയത്തിൽ ജൈവവൈവിധ്യ ഉദ്യാനം ഒരുക്കണം. സ്കൂൾ പരിസരങ്ങളിൽ കാണുന്ന മുഴുവൻ ജീവജാലങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന ജൈവവൈവിധ്യ രജിസ്റ്ററും തയ്യാറാക്കണം. ഇതിനായി പഞ്ചായത്തുകളിലെ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ ഉപയോഗപ്പെടുത്താം. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ സഹായം തേടാം.

## ഗുണഫലങ്ങൾ

ജനിതക ബന്ധം മനസ്സിലാക്കുന്നു. വംശനാശം ഭീഷണി നേരിടുന്ന ജീവജാലങ്ങളെ തിരിച്ചറിയുന്നു.

# രണ്ടാം ഉത്സവം

## മരുവത്ക്കരണ വിരുദ്ധദിനം
## ജൂൺ 17



വരൾച്ചയെയും മരുവത്കരണത്തെയും പ്രതിരോധിക്കുവാനും അതേക്കുറിച്ച് അവബോധം വളർത്താനും വേണ്ടിയാണ് 1994 ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി ജൂൺ 17 മരുവത്കരണവിരുദ്ധദിനമായി പ്രഖ്യാപിച്ചത്. പ്രാണവായു, കുടിവെള്ളം, ഭക്ഷണം, വസ്ത്രം തുടങ്ങി ജനനം മുതൽ മരണം വരെയുള്ള നമ്മുടെ ജീവിതം മണ്ണുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. എല്ലാ ജീവനും നിലനിൽക്കാൻ ജീവസ്സുറ്റ മണ്ണ് അത്യാവശ്യമാണ്.

പ്രതിദിനം ലക്ഷക്കണക്കിന് ഹെക്ടർ ഭൂമി ഊഷരമായിക്കൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ 74% ആളുകളെയും ഇത് ബാധിച്ചുകഴിഞ്ഞു. അടുത്ത 10 വർഷത്തിനുള്ളിൽ 50 ദശലക്ഷം പേർക്ക് തങ്ങളുടെ വാസസ്ഥലം വിട്ടൊഴിഞ്ഞ് പുതിയ സ്ഥലങ്ങൾ തേടേണ്ടി വരുമെന്നാണ് വിലയിരുത്തപ്പെടുന്നത്. 'ഭൂമിയെ സംരക്ഷിക്കുക, മണ്ണ് പുനസ്ഥാപിക്കുക, സമൂഹത്തെ പങ്കാളികളാക്കുക' എന്നതാണ് ഈ ദിവസത്തിന്റെ മുദ്രാവാക്യം.

### പ്രവർത്തനം 1
### ഹരിതനിയമാവലി പ്രഖ്യാപനം

സ്കൂൾ അസംബ്ലിയിൽ പ്രഖ്യാപിക്കുകയും നിയമാവലി രേഖപ്പെടുത്തി എല്ലാവർക്കും



കാണാവുന്നതുപോലെ പ്രദർശിപ്പിക്കുകയും വേണം. (അനുബന്ധം-1 കാണുക).

## ഗുണഫലം

പ്രകൃതിസംരക്ഷണത്തിനനുകൂലമായ മനോഭാവം ഉണ്ടാകുന്നു. ശുചിത്വബോധം ഉണ്ടാകുന്നു. ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാകുന്നു.

## പ്രവർത്തനം 2
## കുടിവെള്ള പരിശോധന

കുടിവെള്ളം ശുദ്ധമാണോ എന്ന് മനസ്സിലാക്കാൻ വീട്ടിലെയും സ്കൂളിലെയും ജലം വാട്ടർ ടെസ്റ്റിങ് കിറ്റ് ഉപയോഗിച്ച് പരിശോധിക്കുന്നു. ജലശുദ്ധീകരണത്തിനുള്ള പുതിയ മാർഗങ്ങൾ പരിചയപ്പെടുന്നു.

## ഗുണഫലം

ജലശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ പരിചയപ്പെടുന്നു. ശുദ്ധജലത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നു. ജലാശയങ്ങൾ ശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നു.

## പ്രവർത്തനം 3
## അന്തരീക്ഷത്തെ അറിയാം

അന്തരീക്ഷതാപനിലയെക്കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി ചുറ്റുപാടുമുള്ള അന്തരീക്ഷതാപനില അളന്ന് രേഖപ്പെടുത്തുന്നു. വൃക്ഷങ്ങൾ കൂടുതലുള്ള സ്ഥലത്തെയും മറ്റുള്ള സ്ഥലങ്ങളിലെയും താപനില താരതമ്യം ചെയ്യുന്നു. സ്കൂൾ പരിസരത്തെ അന്തരീക്ഷ ഊഷ്മാവ് രേഖപ്പെടുത്താനുള്ള രജിസ്റ്റർ തയ്യാറാക്കാൻ ആരംഭിക്കുന്നു.

## ഗുണഫലം

തണൽ വൃക്ഷങ്ങൾ നിൽക്കുന്നയിടങ്ങളിലെയും തുറസ്സായ പ്രദേശങ്ങളിലെയും താപനിലയുടെ വ്യത്യാസം മനസ്സിലാക്കുന്നു.

## പ്രവർത്തനം 4
## കൃഷി

കാലാവസ്ഥയ്ക്ക് യോജിച്ച പച്ചക്കറി ഇനങ്ങളുടെ കൃഷിക്ക് തുടക്കം കുറിക്കുന്നു.

മാതൃകാപ്രവർത്തനം

## കണ്ടൽ സംരക്ഷിച്ച കല്ലേൻ പൊക്കുടൻ

**1937**ൽ കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിൽ ജനിച്ച കല്ലേൻ പൊക്കുടൻ കണ്ടൽ സംരക്ഷണത്തിനായി തന്റെ ജീവിതം ഉഴിഞ്ഞ് വയ്ക്കുകയായിരുന്നു. രണ്ടാം ക്ലാസ് വരെ മാത്രമേ വിദ്യാഭ്യാസം നേടാനായുള്ളൂ. ദീർഘകാലം സജീവ രാഷ്ട്രീയ പ്രവർത്തകനായിരുന്ന പൊക്കുടൻ പിന്നീട് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സ്കൂളിലേക്ക് പോകുന്ന കുട്ടികൾ പാടത്തിന്റെ വരമ്പുകളിലുള്ള വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ശക്തിയായി കാറ്റു വീശുന്നത് കൊണ്ട് ബുദ്ധിമുട്ടിയിരുന്നു. മാത്രമല്ല മഴക്കാലത്ത് പുഴയിലെ തിരകൾക്ക് ശക്തികൂടി വരമ്പിലിടിച്ച് വഴി തകരുന്നതും പതിവായിരുന്നു. ഇതിന് പരിഹാരമെന്ന രീതിയിലാണ് പൊക്കുടൻ ആദ്യമായി കണ്ടൽ ചെടികൾ വച്ച് പിടിപ്പിച്ചു തുടങ്ങിയത്. 1989 ൽ 500 കണ്ടൽ ചെടികൾ വച്ച് പിടിപ്പിച്ചുകൊണ്ട് തുടങ്ങിയ പ്രവർത്തനം ഒരു ലക്ഷത്തോളം ചെടികൾ നടുന്നതിലേക്ക് വളർന്നു. സംസ്ഥാനത്തുടനീളം കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും പൊക്കുടൻ മുന്നിലുണ്ടായിരുന്നു. 2015 സെപ്റ്റംബർ 27 ന് 85-ാമത്തെ വയസിൽ പൊക്കുടൻ അന്തരിച്ചു. നിങ്ങളുടെ പ്രദേശത്തുള്ള കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് കൂട്ടായി ആലോചിക്കൂ.



# മൂന്നാം ഉത്സവം

## ഡോക്ടർ ദിനം
## ജൂലൈ 1

പ്രഗത്ഭനായ ഡോക്ടറും പശ്ചിമബംഗാളിലെ മുഖ്യമന്ത്രിയുമായിരുന്ന ഡോ. ബിധാൻ ചന്ദ്രറോയിയുടെ ജന്മദിനമായ (ചരമദിനവും) ജൂലൈ 1 ആണ് ''ഡോക്ടർദിന''മായി ആചരിക്കുന്നത്. ആരോഗ്യം എന്നാൽ ജീവിതശൈലികൂടിയാണ് എന്ന് വിശ്വസിച്ച ഡോക്ടർ റോയിയുടെ പ്രവർത്തനങ്ങളും ആ ദിശയിലായിരുന്നു.

വിദ്യാഭ്യാസവും വൈദ്യസഹായവും സൗജന്യമായി നൽകുക. ജലവിതരണം കാര്യക്ഷമമാക്കുക മെച്ചപ്പെട്ട റോഡുകൾ നിർമിക്കുക എന്നിവയിലൊക്കെയാണ് അദ്ദേഹം ശ്രദ്ധചെലുത്തിയത്. ഹൂഗ്ലി നദിയിലെ മലിനീകരണത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തി മലിനീകരണം തടയാനുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായി. അന്നത്തെ കാലത്ത് സ്ത്രീകൾക്ക് ആശുപത്രി സേവനം ലഭ്യമാക്കാനും അദ്ദേഹത്തിനു സാധിച്ചു. സാമൂഹിക പ്രവർത്തനങ്ങളിലും നഴ്സിങ്ങിലും സ്ത്രീകളെ പരിശീലിപ്പിക്കുന്നതിനായി അദ്ദേഹം ഒരു കേന്ദ്രം ആരംഭിച്ചു. 1961 ൽ ഭാരത രത്ന നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

ആരോഗ്യകരമായ ഒരു ജീവിതത്തിന് നല്ല ഭക്ഷണ രീതി അത്യാവശ്യമാണ്. 'ജങ്ക്' ഫുഡുകളിൽ നിന്നും നാം മാറിചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പയറും ചക്കയും മാങ്ങയും കിഴങ്ങുകളുമെല്ലാം ഊണുമേശപ്പുറത്തേക്ക് തിരിച്ചുവരട്ടെ. സൈക്കിൾ ചവിട്ടിയും കൂട്ടുകാരോടൊപ്പം നടന്നും നമുക്ക് വിദ്യാലയങ്ങളിലേക്ക് പോകാം. ഡ്രൈഡേ ആചരിക്കാം. വാക്സിനേഷൻ ചാർട്ടുകൾ നിർമിക്കാം.



### പ്രവർത്തനം


പ്രാഥമിക ആരോഗ്യകേന്ദ്രം സന്ദർശിക്കുകയോ ഡോക്ടറെ അതിഥിയായി വിദ്യാലയത്തിലേക്ക് ക്ഷണിക്കുകയോ ചെയ്യുക. എല്ലാ കുട്ടികളുടെയും BMI കണക്കാക്കുന്നു. പരിഹാരങ്ങൾ നിർദേശിക്കുന്നു.

ജീവിതശൈലീരോഗങ്ങളുടെ ചാർട്ട് തയ്യാ



റാക്കുന്നു. മാലിന്യങ്ങൾ തരംതിരിച്ച് ശരിയായ രീതിയിൽ ഒഴിവാക്കുന്നു.

കൊതുകു നശീകരണ പ്രവർത്തനം നടത്തുന്നു. വിദ്യാലയത്തിന്റെ വിവിധ ഭാഗങ്ങളിൽ പരന്നപാത്രങ്ങളിൽ വെള്ളം വെച്ച് കൊതുകിന് മുട്ടയിടാൻ അവസരം കൊടുക്കുന്നു. മുട്ടവിരിഞ്ഞ് ലാർവകൾ ഉണ്ടാകുമ്പോൾ വെള്ളം ചെരിച്ചുകളഞ്ഞ് ലാർവകളെ നശിപ്പിക്കുന്നു.




## കൊതുക് നിയന്ത്രണം

**കൊ**തുക് മുട്ടയിടുന്നത് വെള്ളത്തിലാണ്. മുട്ടകൾ വിരിയുന്നതിന് 1 മുതൽ 3 വരെ ദിവസങ്ങളെടുക്കും. മുട്ട വിരിഞ്ഞ് ലാർവകൾ ഉണ്ടാകുന്നു. ജലത്തിന്റെ താപനിലയനുസരിച്ച് ഇവ 7-14 ദിവസംകൊണ്ട് പൂർണവളർച്ചയെത്തുന്നു. മുട്ടകൾ രൂപപ്പെടുത്തുന്നതിനാണ് പെൺകൊതുകുകൾ ചോരകുടിക്കുന്നത്. ആൺ കൊതുകുകൾ ചോര കുടിക്കാറില്ല. കൊതുകുകൾക്ക് മുട്ടയിടാൻ പാകത്തിൽ വെള്ളം ഒരു പാത്രത്തിൽ ഒരുക്കിവയ്ക്കുക. തുടർന്ന് കൃത്യമായി നിരീക്ഷിക്കണം. വെള്ളത്തിൽ ലാർവയെ കാണ്ടാൽ ഉടൻ വെള്ളം ഉണങ്ങിയ മണ്ണിലേക്ക് ചരിച്ചുകളയണം. നനവുള്ള മണ്ണിൽ ദീർഘകാലം കൊതുകുമുട്ടകൾ കേടുകൂടാതെയിരിക്കുകയും വെള്ളം കിട്ടിയാൽ വിരിയുകയും ചെയ്യും.

## പൂച്ചട്ടി കമ്പോസ്റ്റ്

**ര**ണ്ട് ചെടിച്ചട്ടി എടുക്കുക. ചെടിച്ചട്ടിയുടെ താഴെ മലിനജലം ശേഖരിക്കുന്നതിനുള്ള പാത്രം വയ്ക്കുക. അതത് ദിവസം ഉണ്ടാകുന്ന മാലിന്യം ഒന്നാമത്തെ ചട്ടിയിൽ നിക്ഷേപിക്കുക. പ്ലാസ്റ്റിക് വസ്തുക്കൾ നിക്ഷേപിക്കാൻ പാടില്ല. കുറച്ച് പാഴ്കടലാസ് ചെറു കഷണങ്ങളാക്കി മുകളിൽ വിതറുക. അതിനുശേഷം ചാണകപ്പൊടിയോ, ജൈവാംശമുള്ള മണ്ണോ വിതറുക. ഒരു ചട്ടി നിറയുമ്പോൾ അടുത്ത ചട്ടിയിൽ നിക്ഷേപിക്കാം. അടുത്ത ചട്ടി നിറയാറാകുമ്പോഴേക്കും ഒന്നാമത്തെ ചട്ടിയിലെ മാലിന്യങ്ങൾ കമ്പോസ്റ്റായി കഴിഞ്ഞിട്ടുണ്ടാകാം. ഇങ്ങനെ ഓരോ ചട്ടിയും മാറി മാറി മാലിന്യം സംസ്കരിക്കാൻ ഉപയോഗിക്കാവുന്നതാണ്.



### ഗുണഫലം

ശുചിത്വ ആരോഗ്യശീലം വളരുന്നു.

# നാലാം ഉത്സവം

## ലോക പ്രകൃതിസംരക്ഷണദിനം
## ജൂലൈ 28

ആരോഗ്യമുള്ള പരിസ്ഥിതി, ഉൽപ്പാദനക്ഷമവും ഉറപ്പുള്ളതുമായ സമൂഹത്തിന്റെ അടിത്തറയാണ്. അത് ഇനി വരാനിരിക്കുന്ന തലമുറകളെയും സുരക്ഷിതമായി നിലനിർത്തും. അതിനായി പ്രകൃതിയെയും, പ്രകൃതി വിഭവങ്ങളെയും നാം ഒരുമിച്ചു നിന്ന് സംരക്ഷിക്കണമെന്ന് ഈ ദിനം ഓർമപ്പെടുത്തുന്നു. വായു, വെള്ളം, മണ്ണ്, മരങ്ങൾ, മൃഗങ്ങൾ, മൂലകങ്ങൾ തുടങ്ങിയവയെല്ലാം ജീവൻ നിലനിർത്താൻ ആവശ്യമാണ്. അതിനാൽ പ്രകൃതി സന്തുലനം കാത്തുസൂക്ഷിക്കാനായി മറ്റു ജീവജാലങ്ങളെയും സംരക്ഷിക്കണം. ഇതു നമ്മുടെ ഉത്തരവാദിത്വമാണ്, ധർമമാണ്.



### പ്രവർത്തനം

കിളികൾക്ക് കുളിക്കാനും കുടിക്കാനും ചെറു മൺപാത്രങ്ങളിൽ വെള്ളം വച്ച് ഒരു കിളികുളിക്കുളം (Bird bath) സ്ഥാപിക്കുക.

പ്രാദേശിക പ്രശ്നങ്ങൾ മുൻനിർത്തി ആഗോളതാപനത്തെക്കുറിച്ച് കുറിപ്പ്, പോസ്റ്ററുകൾ തയ്യാറാക്കുക.

'സുഹൃത്തിനൊരു കറിവേപ്പ് സമ്മാനം' എന്ന പേരിൽ കുട്ടികൾക്ക് കറിവേപ്പിൻ തൈകൾ എത്തിക്കുന്ന സംരംഭം തുടങ്ങാം.

ജൈവവൈവിധ്യ പാർക്ക് നിർമാണ പ്രവർത്തനം തുടങ്ങാം.

### ഗുണഫലം

പ്രകൃതിയുടെ സന്തുലനാവസ്ഥ മനസ്സിലാക്കുന്നു. വിവിധ ജീവജാലങ്ങൾ തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ കഴിയുന്നു. ജീവജാതിവൈവിധ്യം, ജനിതക വൈവിധ്യം, ആവാസവ്യവസ്ഥാ വൈവിധ്യം എന്നിവ മനസ്സിലാക്കുന്നു.



# അഞ്ചാം ഉത്സവം

## പുനരുപയോഗദിനം
## ആഗസ്റ്റ് 9

ലോകമെമ്പാടുമുള്ള ജനങ്ങൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നങ്ങളിലൊന്നാണ് മാലിന്യസംസ്കരണം. ജനസംഖ്യയും ജനസാന്ദ്രതയും കൂടിയ രാജ്യങ്ങളിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷവുമാണ്. പല വസ്തുക്കളും ഒരിക്കൽ മാത്രം ഉപയോഗിച്ച് വലിച്ചെറിയുന്ന ശീലം വർധിച്ചതോടെ മാലിന്യങ്ങളുടെ അളവും വർധിച്ചു. അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക്, ഇല്ക്ട്രോണിക് ഉപകരണങ്ങളുടെ ഭാഗങ്ങൾ എന്നിവ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഉപയോഗശേഷം വലിച്ചെറിയുന്ന രീതി കുറയ്ക്കുകയും പുനരുപയോഗം ശീലമാക്കുകയും ചെയ്യുന്നത് മാലിന്യങ്ങളുടെ അളവ് കുറയ്ക്കാൻ സഹായിക്കും. മാലിന്യത്തിൽ നിന്ന് പണസമ്പാദനത്തിനുള്ള മാർഗങ്ങൾ പ്രായോഗികമാക്കാവുന്നതാണ്. **പുനരുപയോഗത്തിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താമെന്ന ബോധം കുട്ടികൾക്കിടയിൽ വളർത്തുന്നതിനായി ഹരിതോത്സവം പദ്ധതിയുടെ അഞ്ചാം ഉത്സവമായ ആഗസ്റ്റ് 9 പുനരുപയോഗ ദിനമായി ആചരിക്കണം.**

### പ്രവർത്തനം

പഴയ വസ്ത്രങ്ങൾ ഉപോയഗിച്ച് (ജീൻസ്, ടീഷർട്ട് മുതലായവ) തുണിസഞ്ചി നിർമിക്കാം. അവയുടെ പ്രദർശനവും മത്സരവും സംഘടിപ്പിക്കണം. അമ്മയും കുട്ടിയും ഒരു ടീമായി മത്സരത്തിൽ പങ്കെടുക്കണം.

ഭക്ഷണശേഷം കൈ കഴുകുന്ന സിങ്കിൽ നിന്നുള്ള വെള്ളം ചെടിയുടെ ചുവട്ടിലേക്ക് തിരിച്ച് വിട്ട് ഉപയോഗിക്കാം. പഴയ നോട്ടുബുക്കിലെ ഉപയോഗിക്കാത്ത പേജുകൾ കൊണ്ട് റഫ്നോട്ടുബുക്ക് തയ്യാറാക്കാം.



### ഗുണഫലം

ബദൽ ഉൽപ്പന്നങ്ങളുടെ നിർമാണം പ്രായോഗിക തലത്തിൽ മനസ്സിലാക്കുന്നു. വിവിധ വസ്തുക്കളുടെ പുനരുപയോഗ സാധ്യതകൾ വിശദീകരിക്കുന്നു. പുനരുപയോഗം ഒരു ശീലമായി മാറുന്നു.

# ആറാം ഉത്സവം
## ദേശീയ കായികദിനം
## ആഗസ്റ്റ് 29

ഹോക്കി മാന്ത്രികൻ ധ്യാൻചന്ദിന്റെ ജന്മദിനമായ ആഗസ്റ്റ് 29 ആണ് ദേശീയ കായികദിനമായി ആചരിക്കുന്നത്. ഹോക്കിയിൽ അസാധാരണമായ പ്രകടനം നടത്തിയ അദ്ദേഹത്തെ 1956 ൽ പത്മഭൂഷൺ നൽകി ആദരിച്ചു.

കുട്ടികളുടെ വളർച്ചയിൽ കായികപ്രവർത്തനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ഇന്ന് പല സ്കൂളുകളിലും മതിയായ കളിസ്ഥലങ്ങൾ ഇല്ല. വീടുകളിൽ എല്ലാവരും കമ്പ്യൂട്ടറിലേക്കും മൊബൈൽ ഫോണുകളിലേക്കും ചുരുങ്ങുന്നു. കുട്ടികൾക്ക് നന്നായി ഒന്ന് ഓടിക്കളിക്കാനുള്ള അവസരം കുറഞ്ഞുവരുന്നു. ഈ സ്ഥിതി മാറേണ്ടതല്ലേ? ശരീരമനങ്ങി കളിക്കുന്നത് ഒരു കുട്ടിയുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് വലിയ സഹായം നൽകുന്നുണ്ട്. കൂട്ടായ പ്രവർത്തനങ്ങൾക്കും സാമൂഹിക ബന്ധങ്ങൾക്കും നല്ല സൗഹൃദങ്ങൾക്കും ആരോഗ്യകരമായ ജീവിതത്തിനും കായികവ്യായാമത്തിന്റെ പങ്ക് വളരെ വലുതാണ്. കുട്ടികളെ കളിസ്ഥലങ്ങളിൽ കളിപ്പിച്ചുകൊണ്ട് നമുക്ക് ഈ കായിക ദിനത്തെ വരവേൽക്കാം.

### പ്രവർത്തനം

തലപ്പന്തുകളി, കുട്ടിയും കോലും കളി തുടങ്ങിയ നാടൻ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

പച്ചക്കറികൃഷികളുടെ വിളവെടുപ്പുത്സവം.



### ഗുണഫലം

മെച്ചപ്പെട്ട ആരോഗ്യശീലങ്ങളും കായിക ശീലങ്ങളും മനസ്സിലാക്കുന്നു. വ്യായാമ ശീലം ഉണ്ടാകുന്നു. സൗഹൃദങ്ങൾ വളരുന്നു. സ്പോർട്സ്മാൻ സ്പിരിറ്റ് വർധിക്കുന്നു. കായികാധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കുന്നു. കൃഷിയിൽ ആനന്ദം കണ്ടെത്തുന്നു. സ്വാശ്രയബോധം ഉണ്ടാകുന്നു.



# ഏഴാം ഉത്സവം

## ഓസോൺദിനം
## സെപ്റ്റംബർ 16

മോൺറിയൽ പ്രോട്ടോക്കോൾ ഒപ്പിട്ടതിന്റെ ഭാഗമായാണ് 1987 സെപ്റ്റംബർ 16 ഓസോൺ ദിനമായി ചരിത്രം രേഖപ്പെടുത്തിയത്. യുണൈറ്റഡ് നേഷൻ ജനറൽ അസംബ്ലി 1994 മുതൽ ഈ ദിവസത്തെ ലോക ഓസോൺദിനമായി ആചരിക്കുന്നു. ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ഏറ്റവും ആവശ്യമായ ഓസോൺ പാളി മനുഷ്യ പ്രവർത്തനങ്ങളാൽ നശിക്കുകയും അത് ജീവന്റെ നിലനിൽപ്പിനു ഭീഷണിയായി മാറുകയും ചെയ്യുന്നു. ഒസോൺ പാളിക്ക് ദോഷകരമായ പ്രവർത്തനങ്ങൾ എന്താണെന്ന് തിരിച്ചറിയാനും അതിൽ വേണ്ട തിരുത്തലുകൾ വരുത്താനും ലോകജനത ഒന്നിക്കുന്ന ദിനമാണിത്.

### പ്രവർത്തനം

ഓസോൺ പാളിക്ക് ഹാനികരമാകുന്ന ഏതൊക്കെ ഉപകരണങ്ങൾ (ഫ്രിഡ്ജ്, എ.സി മുതലായവ) വീടുകളിൽ ഉപയോഗിക്കുന്നു എന്ന് കണ്ടെത്തുന്നു. ഓരോ കുട്ടിയും അഞ്ച് വീടുകൾ സന്ദർശിച്ച് ഇത്തരം ഉപകരണങ്ങൾ ഉണ്ടോ എന്ന വിവരം ശേഖരിക്കുന്നു. CFC (Chlorofluorocarbon) രഹിത ഉപകരണങ്ങൾ ഉണ്ടോ എന്നും കണ്ടെത്തുന്നു. (ഫോർമാറ്റ് തയ്യാറാക്കി സർവേ നടത്തണം). ഇത്തരം



ഉപകരണങ്ങൾ പുറന്തള്ളുന്ന CFC യുടെ അളവ് സംബന്ധിച്ച് അന്തർദേശീയ തലത്തിൽ തയ്യാറാക്കിയിരിക്കുന്ന കണക്കുകൾ ഇന്റർനെറ്റ് ഉപയോഗിച്ച് ശേഖരിക്കുക. അതുപയോഗിച്ച് സ്കൂൾ പരിസരത്തെ വീടുകളിലും സ്ഥാപനങ്ങളിലും നിന്ന് എത്രമാത്രം CFC ഉത്സർജനം നടക്കുന്നു എന്നു കണ്ടെത്താൻ ശ്രമിക്കുക.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ക്വിസ് മത്സരം.

### ഗുണഫലം

ആഗോളതാപനം കാലാവസ്ഥാമാറ്റം എന്നിവ സംബന്ധിച്ച ധാരണകൾ വളരുന്നു. വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യാനുള്ള കഴിവ് നേടുന്നു.

# എട്ടാം ഉത്സവം
## ഗാന്ധിജയന്തി
## ഒക്ടോബർ 2

മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി ദിനമായി ആചരിക്കുന്നു. ഗാന്ധിജിയുടെ ലളിതജീവിതം, അഹിംസാ മനോഭാവം, മൂല്യങ്ങൾ, സേവന സന്നദ്ധത എന്നിവയുടെ ഓർമപ്പെടുത്തൽ കൂടിയാണ് ഈ ദിനം. യു.എൻ. ജനറൽ അസംബ്ലി ഈ ദിനം അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുകയാണ്. വിദ്യാർഥികളുടെ മനസ്സുകളിൽനിന്ന് 'വൃത്തികേടാക്കാൻ ഞാനും വൃത്തിയാക്കാൻ മറ്റുള്ളവരും' എന്ന ചിന്ത മാറ്റുകയാണ് ഈ ഉത്സവം കൊണ്ടു ലക്ഷ്യമിടേണ്ടത്. മാലിന്യം അലക്ഷ്യമായി ഉപേക്ഷിക്കാതെ സ്വമനസ്സാലെ പരിപാലിക്കാനുള്ള മനോഭാവം ഉണ്ടാക്കുകയാണ് വേണ്ടത്.

### പ്രവർത്തനം

വേസ്റ്റ് ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കുന്നു. പരിസരശുചീകരണം നടത്തുന്നു. ശുചിത്വ ബാലറ്റ് തയ്യാറാക്കി ശുചിത്വ വോട്ടിങ്ങ് നടത്തുന്നു–ഏത് ക്ലാസാണ് ഏറ്റവും മികച്ച ശുചിത്വം പാലിക്കുന്നത് എന്ന് വോട്ടെണ്ണി പ്രഖ്യാപിക്കുന്നു.

മാലിന്യസംസ്കരണ കേന്ദ്രങ്ങൾ സന്ദർശിച്ച് മാലിന്യസംസ്കരണ മാർഗങ്ങളെക്കുറിച്ച് പഠിക്കുന്നു. പൊതുസ്ഥലങ്ങൾ വൃത്തിയാക്കൽ.

ഓപ്പൺ ക്വിസ് മത്സരം–കുട്ടികൾ അന്വേഷണത്തിലൂടെ ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങൾ മുൻകൂട്ടി നൽകി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. തയ്യാറാക്കിയ ഉത്തരങ്ങൾ ഉത്തരപ്പെട്ടിയിൽ നിക്ഷേപിച്ച് അവ എണ്ണിതിട്ടപ്പെടുത്തിയാൽ മതിയാകും.

### ഗുണഫലം

ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. വൃത്തിയുള്ള പരിസരത്തിന്റെ മികവ് തിരിച്ചറിയുന്നു.





# ഒൻപതാം ഉത്സവം

## ലോക ഭക്ഷ്യദിനം
## ഒക്ടോബർ 16

1945 ഒക്ടോബർ 16 നാണ് ഭക്ഷ്യ കാർഷിക സംഘടന രൂപീകൃതമായത്. ഈ ദിനം ലോക ഭക്ഷ്യദിനമായി ആചരിക്കുന്നു. പട്ടിണി ഇല്ലാതാക്കൽ, ഭക്ഷ്യ സുരക്ഷ, എല്ലാവർക്കും പോഷകമൂല്യമുള്ള ഭക്ഷണം ഉറപ്പാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. കാർഷിക മേഖലയ്ക്ക് മുൻതൂക്കം നൽകുന്ന പ്രവർത്തനങ്ങൾ ഈ ദിനത്തിൽ നടപ്പിലാക്കാം.

### പ്രവർത്തനം

പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള ഭക്ഷ്യമേള സംഘടിപ്പിക്കുക. നാട്ടുവിഭവങ്ങളുടെ പോഷകമൂല്യം വിവരിക്കുന്ന ബോർഡുകൾ തയ്യാറാക്കുക. ഭക്ഷ്യവിഭവങ്ങളുടെ നിർമാണരീതി പരിചയപ്പെടുന്നു. ഫുഡ് ഇൻസ്പെക്ടറെ സ്കൂളിലേക്ക് ക്ഷണിക്കുന്നു. ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താനുള്ള മാർഗ്ഗം പരിചയപ്പെടുന്നു. ഹരിതനിയമാവലി എത്രമാത്രം നടപ്പായി എന്ന് പരിശോധിക്കുന്നു.

### ഗുണഫലം

പ്രാദേശിക ഉത്പന്നങ്ങൾ ഉപയോഗിച്ച് ഭക്ഷണം തയ്യാറാക്കാം എന്ന് ബോധ്യപ്പെടുന്നു. ഭക്ഷണവിഭവങ്ങളിൽ എത്രമാത്രം പ്രാദേശികമായി ഉത്പാദിപ്പിച്ചതാണ് എന്ന് മനസ്സിലാക്കുന്നു. ഭക്ഷ്യവസ്തുക്കളുടെ രസതന്ത്രം മനസ്സിലാക്കുന്നു.



# പത്താം ഉത്സവം

## സാർവ്വദേശീയ വിദ്യാർത്ഥിദിനം
## നവംബർ 17



ജർമനിയിൽ നാസികൾ 1939 ൽ കലാശാലകൾ ആക്രമിക്കുകയും വിദ്യാർഥികളെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ അടയ്ക്കുകയും ചെയ്തതിന്റെ പ്രതിഷേധമായാണ് ജർമനിയിലെ സർവകലാശാലാവിദ്യാർഥികൾ നവംബർ 17 സാർവ്വദേശീയ വിദ്യാർഥിദിനമായി ആചരിക്കാൻ തുടങ്ങിയത്. പിന്നീടത് ലോകമെങ്ങും വ്യാപിച്ചു. ഇന്നത്തേതിൽ നിന്ന് കുറച്ചുകൂടി മെച്ചപ്പെട്ട ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി വിദ്യാർഥികൾ പ്രവർത്തിക്കുന്നു എന്നാണ് ഈ ദിനം സൂചിപ്പിക്കുന്നത്. ജനങ്ങളുടെ വിമോചനപ്പോരാട്ടങ്ങൾക്ക് തുടക്കം കുറിക്കുകയും നേതൃത്വം വഹിക്കുകയും ചെയ്ത ചരിത്രം വിദ്യാർഥി കൂട്ടായ്മകൾക്കുണ്ട്.


ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്ന് പാരിസ്ഥിതിക മേഖലയിലാണെന്ന് നമുക്കറിയാം. ലോകമെമ്പാടുമുള്ള കർഷകർ, തൊഴിലാളികൾ, പാർശ്വവത്കരിക്കപ്പെടുന്നവർ, ദരിദ്രർ, സ്ത്രീകൾ പരിസ്ഥിതി പ്രവർത്തകർ, ശാസ്ത്രജ്ഞർ എന്നിവരൊക്കെച്ചേർന്ന് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള വലിയപോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ ലോകഭൗമദിനത്തിൽ അമേരിക്കയിൽ നൂറ് കണക്കിന് ശാസ്ത്രജ്ഞർ ‘മാർച്ച് ഫോർ



സയൻസ്' എന്ന പേരിൽ സമ്മേളനങ്ങളും തെരുവ് പ്രകടനങ്ങളും നടത്തിയത് ആഗോള താപനം, കാലാവസ്ഥാ മാറ്റം എന്നീ പരിസ്ഥിതി പ്രശ്നങ്ങളെ മുൻനിർത്തിയായിരുന്നു. അതുപോലെ പ്രകൃതിക്ക് വേണ്ടി വലിയപ്രവർത്തനങ്ങൾ അനിവാര്യമായിരിക്കുന്നു. ഈ സാഹചര്യത്തിൽ ഹരിതോത്സവത്തിന്റെ സമാപനം വിദ്യാർഥികളിൽ പുതിയൊരു അവബോധത്തിന്റെ തുടക്കമാവണം.

## പ്രവർത്തനം
## ഹരിതസ്കൂൾ പ്രഖ്യാപനം

ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂളിനെ ഹരിതവിദ്യാലയമായി പ്രഖ്യാപിക്കുന്നു. വിദ്യാർഥിസഭ ചേർന്നാണ് പ്രഖ്യാപിക്കേണ്ടത്. വിദ്യാലയത്തിന്റെ



ഹരിതവത്കരണം പൂർത്തിയായോ എന്ന് ചോദ്യാവലി ഉപയോഗിച്ച് പരിശോധിക്കണം.

**മാതൃകാപ്രവർത്തനം**

## ഒഴിവാക്കണം പ്ലാസ്റ്റിക് വിപത്തുകൾ

നമ്മുടെ വീടുകളിൽ എത്ര പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ട്. കുട്ടികൾ ഒരു കണക്കെടുപ്പ് നടത്തട്ടെ. ഓരോ കുട്ടിയും അഞ്ച് വീടുകൾ സന്ദർശിച്ച് അവിടെ എത്ര പ്ലാസ്റ്റിക് മാലിന്യം ഉണ്ടാകുന്നു എന്ന് കണക്കെടുക്കട്ടെ. ഇതിൽ ഏതെല്ലാം തരം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉണ്ട് എന്ന് തരംതിരച്ച് പരിശോധിക്കട്ടെ. ഇത് എവിടെയാണ് സംസ്കരിക്കാൻ കഴിയുന്നത്. ഇതിനായി മെറ്റിരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) എന്നിവ കണ്ടെത്താനുള്ള ശ്രമവും അവയെക്കുറിച്ചുള്ള പഠനവും നടത്തുന്നു. തുടർന്ന് വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും നേതൃത്വത്തിൽ വിദ്യാലയത്തിലേയും വീടുകളിലേയും പ്ലാസ്റ്റിക്, ഇ–വേസ്റ്റ് എന്നിവ ഈ കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

പ്രവൃത്തി പരിചയ പീരിയഡുകളിൽ പേപ്പർ ബാഗ്, തുണി സഞ്ചി, പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള വിവിധ വസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും നടത്തുന്നു.



# അനുബന്ധം-1

## ഹരിത നിയമാവലി
## (ഗ്രീൻ പ്രോട്ടോക്കോൾ)

ഭൂമിയിലെ പരിമിതമായ വിഭവങ്ങളുടെ കാര്യക്ഷമവും ശാസ്ത്രീയവുമായ ഉപഭോഗം ഉറപ്പാക്കുന്നതോടൊപ്പം, മനുഷ്യന് ഇന്ന് വലിയൊരു ബാധ്യതയായി മാറിക്കൊണ്ടിരിക്കുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിന് വേണ്ടിയും പാലിക്കപ്പെടേണ്ട പ്രവർത്തന രീതിയാണ് ഗ്രീൻ പ്രോട്ടോകോൾ എന്നതു കൊണ്ട് അർഥമാക്കുന്നത്. മാലിന്യ പരിപാലനത്തിലെ ഏറ്റവും അടിസ്ഥാനതത്വം കൂടിയാണ് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക എന്നത്. വഴിയരികിലും ഓടകളിലും പൊതുസ്ഥലങ്ങളിലുമൊക്കെ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങളിൽ വലിയൊരളവ് നാം ഒരൽപം മനസ്സുവച്ചാൽ ഒഴിവാക്കാൻ സാധിക്കുന്നവയാണ്. ഇതിനുള്ള ക്രിയാത്മക പോംവഴി കൂടിയാണ് ഗ്രീൻ പ്രോട്ടോകോൾ. കത്തിച്ചു കളയുന്നതും കുമിഞ്ഞുകൂടുന്നതുമായ മാലിന്യങ്ങളിലെ പുനരുപയോഗ-പുന:ചംക്രമണ സാധ്യമായ പാഴ്‌വസ്തുക്കളെ ഉറവിടത്തിൽ തന്നെ വേർതിരിച്ച് കൈകാര്യം ചെയ്യുന്നതും ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമാണ്.

**1.** ആവശ്യത്തിനു മാത്രം ആഹാര സാധനങ്ങൾ കൊണ്ടുവരിക. ഒരു വസ്തുവും പാഴാക്കി കളയാതിരിക്കുക.



**2.** ആഹാരം, കുടിവെള്ളം എന്നിവ കൊണ്ടു വരുന്നതിന് സ്റ്റെയ്ൻലെസ് സ്റ്റീൽ പാത്രങ്ങൾ ശീലമാക്കുക, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാധനങ്ങൾ കർശനമായി ഒഴിവാക്കുക.

**3.** മാലിന്യത്തെ ജൈവം/അജൈവം/അപകടകരം എന്നിങ്ങനെ മൂന്നായി തരംതിരിച്ച് നിക്ഷേപിക്കുന്നതിന് അതാത് സ്കൂൾ/കോളേജ്/സർവകലാശാലാ ക്യാമ്പസുകളിൽ സംവിധാനം ഒരുക്കുക, ജീവനക്കാരെയും ആയതിനു സജ്ജരാക്കുക.

**4.** ജൈവമാലിന്യം കമ്പോസ്റ്റാക്കുന്നതിനു വേണ്ടി കമ്പോസ്റ്റ് സംവിധാനം സ്കൂൾ/കോളേജ്/സർവകലാശാലാ ക്യാമ്പസുകളിൽ സ്ഥാപിക്കാവുന്നതാണ്. കമ്പോസ്റ്റ് ഉപയോഗിച്ച് ഗ്രോബാഗ്/ചെടിച്ചട്ടി/ജൈവപച്ചക്കറി



കൃഷിയും നടത്താം.

**5.** പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് പാഴ്‌വസ്തുവ്യാപാരികളെഏൽപിക്കാവുന്നതാണ്.

**6.** വെയ്സ്റ്റ് പേപ്പറുകൾ (ചുരുട്ടിക്കളയാതെ) ഓരോ ക്ലാസിലും വൃത്തിയായി സൂക്ഷിച്ച് അവ ഓരോ മാസവും സ്കൂൾ/കോളേജ്/സർവകലാശാലാ ക്യാമ്പസുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുസംഭരണ കേന്ദ്രത്തിൽ (എം.ആർ.എഫ്) എത്തിക്കുക.

**7.**ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി മഷി പേനകൾ ശീലമാക്കാം.

**8.** സ്കൂൾ/കോളേജ്/സർവകലാശാലാ ക്യാമ്പസ്സുകളിൽ നടക്കുന്ന പൊതുപരിപാടികൾ, സ്റ്റാഫ് മീറ്റിംഗുകൾ തുടങ്ങി ഭക്ഷണം വിതരണം ചെയ്യുന്ന എല്ലാ സത്ക്കാരങ്ങളിലുമടക്കം പേപ്പർ കപ്പുകൾ, പേപ്പർ പ്ലേറ്റുകൾ, വെള്ളം കുപ്പികൾ, പ്ലാസ്റ്റിക് കവറുകൾ എന്നിവയും ഫ്ളാസ്കുകളും കർശനമായി ഒഴിവാക്കുക. ഭക്ഷണവും വെള്ളവും വീണ്ടും കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളിൽ വിളമ്പുക.

**9.** അപകടകരമായ മാലിന്യത്തിന്റെ ഇനത്തിൽ വരുന്ന ഇലക്ട്രിക്കൽ /ഇലക്ട്രോണിക്സ് വേസ്റ്റുകൾ വൃത്തിയായി സൂക്ഷിച്ച് വർഷാന്ത്യം അവ പുനഃചംക്രമണത്തിനായി ബന്ധപ്പെട്ട വ്യാപാരികളെ കണ്ടെത്തി കൈമാറണം.

**10.** സ്കൂൾ/കോളേജ്/സർവകലാശാലാ ക്യാമ്പസ്സുകളിലെ എല്ലാ അധ്യാപകർക്കും ക്ലാസ് ലീഡർമാർക്കും മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട ശേഷി വികസന ക്ലാസ് ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ മുഖേന നൽകുകയും, ഗ്രീൻ പ്രോട്ടോകോൾ മോണിറ്ററിങ് ടീമിനെ തെരഞ്ഞെടുത്ത് ഓരോ മാസവും ഗ്രീൻ പ്രോട്ടോകോൾ മോണിറ്ററിങ് നടത്തേണ്ടതുമാണ്.

**ഇങ്ങനെ നമുക്ക് 'എന്റെ കേരളം സുന്ദരകേരളം' എന്ന സമൂഹ-പരിസര സംരക്ഷണ യജ്ഞത്തിൽ പങ്കുചേരാം.**

മാതൃകാപ്രവർത്തനം

## കടൽ താണ്ടിയെത്തുന്നവർ...

**ക**ടലിലൂടെ ആയിരക്കണക്കിന് കിലോമീറ്റർ സഞ്ചരിച്ച് കേരളതീരത്ത് മുട്ടയിടാനെത്തുന്ന ഒലിവ് റിഡ്‌ലി കടലാമകളെ സംരക്ഷിക്കാൻ സീഡ് വിദ്യാർഥികൾ മുന്നിട്ടിറങ്ങി. കേരളത്തിലങ്ങോളമിങ്ങോളം കടലോരങ്ങളിൽ ആമമുട്ടകൾ സംരക്ഷിച്ച് വിരിയിച്ച് കുഞ്ഞുങ്ങളെ കടലിലേക്ക് അയച്ചു. പ്രകൃതിസംരക്ഷണത്തിന്റെ പുതിയ മേഖലകളിലേക്ക് വിദ്യാർഥികളുടെ ശ്രദ്ധ തിരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കാൻ ശ്രമിക്കണം.



ആലപ്പുഴ തോട്ടപ്പള്ളി തീരത്തുനിന്ന് കടലാമമുട്ടകൾ കണ്ടെത്തി വിരിയിച്ച നാലുചിറ ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികൾ.

# അനുബന്ധം-2

## സ്കൂൾ ജലസർവെ നമ്പർ 1

1. ജലസ്രോതസ്: ബോർവെൽ/മുനിസിപ്പൽ സപ്ലൈ/ടാപ്പുകൾ/ഹാൻഡ് പമ്പ്/തുറന്ന കിണറുകൾ മറ്റുള്ളവ.
2. വെള്ളം ശേഖരിച്ചിരിക്കുന്നത് (ടാങ്കുകൾ, കുടങ്ങൾ, കൂളറുകൾ)
3. സ്കൂളിൽ ടാപ്പുകളുടെ എണ്ണം/കുടങ്ങൾ (തോട്ടം, അടുക്കള, കൂളറുകൾ, കക്കൂസ്, ലാബറട്ടറി മുതലായവ).
4. തുറന്നുകിടക്കുകയോ ലീക്കു ചെയ്യുകയോ ചെയ്യുന്ന ടാപ്പുകളുടെ എണ്ണം.
5. ലീക്കു ചെയ്യുന്ന ടാപ്പുകൾ ഒരു മാസ അളവിൽ എത്രകണ്ട് വെള്ളം പാഴാക്കുന്നുണ്ട്. (ഓരോ തുള്ളി എണ്ണുന്ന തരത്തിലുള്ള പ്രവർത്തനം ഇതിനായി ഉപയോഗിക്കാം). ഒരു മിനിട്ട് സമയംകൊണ്ട് നഷ്ടമാകുന്ന ജലത്തുള്ളികൾ എണ്ണി നോക്കുക. അതുപയോഗിച്ച് ഒരു മാസം നഷ്ടമാകുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കുക.
6. സ്കൂളുകളിൽ വിദ്യാർഥികളും അധ്യാപകരുമല്ലാതെ വെള്ളം ഉപയോഗിക്കുന്നവർ ആരാണ്. (തോട്ടക്കാർ, പാചകക്കാർ, അടിച്ചുതളിക്കാർ മുതലായവർ).
7. പമ്പുഹൗസിന്റെ ചുമതല വഹിക്കുന്നതാരാണ്.
8. ദിവസത്തിൽ എത്ര തവണ പമ്പ് പ്രവർത്തിപ്പിക്കും.

# അനുബന്ധം-3

## സ്കൂൾ ജലസർവെ നമ്പർ 2

1. ഒന്നാം സർവെയിൽ തുറന്നുകിടന്നിരുന്ന ടാപ്പുകളുടെ എണ്ണം.
2. ഇപ്പോൾ തുറന്നുകിടക്കുന്ന ടാപ്പുകളുടെ എണ്ണം.
3. ആദ്യ സർവെയിൽ ലീക്കുചെയ്തിരുന്ന ടാപ്പുകളുടെ എണ്ണം.
4. ഇപ്പോൾ ലീക്കുചെയ്യുന്ന ടാപ്പുകളുടെ എണ്ണം.
5. റിപ്പയർ ചെയ്ത ലീക്കു ചെയ്യുന്ന ടാപ്പുകളുടെ എണ്ണം.
6. ക്യാംപയിനു ശേഷമുള്ള വാട്ടർ ബിൽ.



# അനുബന്ധം-4

## ചോദ്യാവലി

1. വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലെറ്റ് ഉണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
2. സ്ത്രീസൗഹൃദ ടോയ്‌ലെറ്റ് ഉണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
3. സാനിട്ടറി നാപ്കിൻ സംസ്കരിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
4. ടോയ്‌ലറ്റിൽ ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
5. ടോയ്‌ലറ്റ് നിത്യവും വൃത്തിയാക്കാറുണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
6. മാലിന്യംവലിച്ചെറിയുന്നില്ല എന്നും, കത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്താറുണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
7. ജൈവമാലിന്യവും അജൈവമാലിന്യവും തരംതിരിച്ച് ശേഖരിക്കാറുണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
8. ഭക്ഷണാവശിഷ്ടങ്ങൾ, കരിയില തുടങ്ങിയ ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിങ്ങിനോ, ബയോഗ്യാസ് ഉണ്ടാക്കാനോ ഉപയോഗിക്കാറുണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
9. ബയോഗ്യാസിൽ നിന്നുള്ള സ്ലറി ചെടികൾക്ക് ഉപയോഗിക്കാറുണ്ടോ?
   ഉണ്ട് ☐ ഇല്ല ☐
10. കമ്പോസ്റ്റിങ്ങിൽ നിന്നുള്ള വളം തോട്ടത്തിൽ ഉപയോഗിക്കാറുണ്ടോ?
    ഉണ്ട് ☐ ഇല്ല ☐
11. ഒന്നോ രണ്ടോ പ്രാവശ്യം ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കളെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?
    ഉണ്ട് ☐ ഇല്ല ☐
12. പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാറുണ്ടോ?
    ഉണ്ട് ☐ ഇല്ല ☐
13. ജലം ആവശ്യത്തിനു ലഭിക്കാറുണ്ടോ?
    കുടിക്കാൻ ഉണ്ട് ☐ ഇല്ല ☐
    കഴുകാൻ ഉണ്ട് ☐ ഇല്ല ☐

14. കിണറും പരിസരവും പതിവായി ശുചിയാക്കാറുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

15. കിണർവെള്ളം എടുക്കുന്നതിനും ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങളുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

16. പാഴ്ജലം തോട്ടം നനയ്ക്കാൻ ഉപയോഗിക്കാറുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

17. മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

18. പങ്കാളിത്തകൃഷി (പച്ചക്കറി, മരച്ചീനി) നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

19. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

20. വിദ്യാർഥികളുടെ ആരോഗ്യം വർധിപ്പിക്കാൻ വ്യായാമവും കായിക മത്സരങ്ങളും നടത്താറുണ്ടോ?


ഉണ്ട് ☐ ഇല്ല ☐

21. സോളാർ വൈദ്യുതി ഉപയോഗിക്കുന്നുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

22. പൊതുഗതാഗത സൗകര്യം, സൈക്കിൾ സവാരി തുടങ്ങിയവ പ്രോത്സാഹിപ്പിക്കാറുണ്ടോ?

ഉണ്ട് ☐ ഇല്ല ☐





# അനുബന്ധം-5

## ജൈവവൈവിധ്യ രജിസ്റ്റർ മാതൃക

| | | |
|---|---|---|
| 1 | വിള | നെല്ല് |
| 2 | ശാസ്ത്രീയ നാമം | Oryza sativa L |
| 3 | പ്രദേശിക നാമം | വെളിയൻ |
| 4 | ഇനം-നാടൻ/സങ്കരം | നാടൻ |
| 5 | ഭൂരൂപം / ആവാസകേന്ദ്രം | വയൽ, വർഷിക വിളഭൂമി |
| 6 | പ്രദേശിക അവസ്ഥ | |
| | മുൻപ് | വ്യാപകമായി കൃഷി ചെയ്യുന്നു. |
| | ഇപ്പോൾ | പരിമിതമായി കൃഷി ചെയ്യുന്നു. |
| 7 | പ്രത്യേക സ്വഭാവ വിശേഷണങ്ങൾ | ചുവന്നതും വെളുത്തതുമായി കാണപ്പെടുന്ന അരി. നെല്ലിന് വലിപ്പവും ചോറിന് ഉറപ്പും കുടുതൽ |
| 8 | കൃഷിക്കാലം(മാസം/ങ്ങൾ ഉദാ:ആഗസ്റ്റ്- സെപ്തംബർ) | 6 മാസം മൂപ്പ് ചിങ്ങം-മകരം |
| 9 | ഉപയോഗങ്ങൾ | ചോറിന് ഉത്തമം. നല്ല അവിൽ. നീളവും ഉറപ്പും കൂടിയ വൈക്കോൽ. പുരമേയാനും കാലീത്തീറ്റയായും ഉപയോഗിക്കുന്നു. |
| 10 | ബന്ധപ്പെട്ട നാട്ടറിവ് | അധികം വളപ്രയോഗം ആവശ്യമില്ല. രോഗപ്രതിരോധശേഷി കൂടുതൽ, കന്നുകാലികൾക്ക് ഇഷ്ടമുള്ള വൈക്കോൽ. ഉറപ്പും സ്വാദുമുള്ള ചോറ് . |
| 11 | മറ്റു വിവരങ്ങൾ | വയനാട്ടിലെ ഏറ്റവും പ്രിയപ്പെട്ട നാടൻ ഇനങ്ങളിൽ ഒന്ന്. മൂപ്പു കുടിയ ഇനം ആകയാൽ ഇപ്പോൾ കുറച്ച് ആളുകൾ മാത്രം കൃഷി ചെയ്യുന്നു. |

| | | |
|---|---|---|
| 12 | വിത്തിന്റെ / ചെടിയുടെ ഉറവിടം | പ്രാദേശികം |
| 13 | നാട്ടറിവ് നൽകിയ വ്യക്തി / വിഭാഗം | |
| 14 | ഉപഭോക്താക്കൾ<br>പ്രാദേശികം<br>പുറമേയുള്ളവർ | പ്രാദേശികം<br>................. |

സ്കൂളിന്റെ പേര് .....................................................................................................

.......................................................................................................................





# അനുബന്ധം – 6

## വിലയിരുത്തൽ രേഖ

വിദ്യാലയത്തിൽ നടത്തുന്ന ഹരിതപ്രവർത്തനങ്ങളെല്ലാം ക്രമമായി രേഖപ്പെടുത്തി സൂക്ഷിക്കണം. വിദ്യാലയങ്ങളെ ഹരിതസൗഹൃദമാക്കുക എന്ന ലക്ഷ്യം നേടുന്നതുവരെ ഈ പ്രവർത്തനങ്ങൾ തുടരേണ്ടതാണ്. 2018 ലെ കൈപ്പുസ്തകം ഒരു വർഷത്തെ ഉപയോഗത്തിന് മാത്രമുള്ളതല്ല. തുടർവർഷങ്ങളിലെ പ്രവർത്തനങ്ങൾ താരതമ്യം ചെയ്ത് വിലയിരുത്തുന്നതിനായി മാർഗരേഖ സ്കൂളിൽ സൂക്ഷിക്കണം.

ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ ചുവടെ രേഖപ്പെടുത്തണം. ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളും മറ്റു തെളിവുകളും സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

| പ്രവർത്തനം | നടത്താൻ കഴിഞ്ഞില്ല | ഒരുവിധം നടത്തി | നന്നായി നടത്തി | മികച്ചരീതിയിൽ നടത്തി |
|---|---|---|---|---|
| ലോക പരിസ്ഥിതിദിനം | | | | |
| മരുവത്ക്കരണ വിരുദ്ധദിനം | | | | |
| ഡോക്ടർ ദിനം | | | | |
| ലോക പ്രകൃതി സംരക്ഷണദിനം | | | | |
| പുനരുപയോഗദിനം | | | | |
| ദേശീയ കായികദിനം | | | | |
| ഓസോൺദിനം | | | | |
| ഗാന്ധിജയന്തി | | | | |
| ലോക ഭക്ഷ്യദിനം | | | | |
| സാർവദേശീയ വിദ്യാർഥിദിനം | | | | |

പ്രധാനാധ്യാപകന്റെ പേര് ..........................................................................................

സ്കൂളിന്റെ പേര് ..........................................................................................